കവിതകൾ

UNARVU

# ഗ്രാമഭംഗി

## തെരഞ്ഞെടുത്ത കവിതകൾ



സാം മുതുകുളം

malankaralibrary.com

UNARVU

# ഗ്രാമഭംഗി

05/05/2013

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ഗ്രാമഭംഗി

കവിതകൾ


## സാം മുതുകുളം



പ്രസാധനം

UNARVU

ഉണർവ്വ്
പബ്ലിക്കേഷൻസ്

വില: 80.00രൂപ



malankaralibrary.com

Malayalam Language

**GramaBhangi**
By:Sam muthukulam

Rights Reserved

Cover Design
& Page Setting:C B

First Published: December 2010

Printing:Avanakkulam Offset, Karthikappally

Published by:
**Unarvu Publications**
Kayamkulam, Alappuzha Dist, Pin : 690 572
E-mail:unarvumagazine@gmail.com

Distribution:
**CB Books**
Kareelakulangara.P.O,Kayamkulam
Alappuzha Dist, Pin : 690 572
Ph:9446286985

**Price:Rs.80.00**

Code No.UP/0157/2010/C-1000

malankaralibrary.com

## സാം മുതുകുളം

1969 ഓഗസ്റ്റ് 7 ന് ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിലെ മുതുകുളത്ത് ജനനം. യഥാർത്ഥ പേര്: സാമുവൽ മാത്യു. പിതാവ്: കെ. മത്തായി. മാതാവ്: മേരിക്കുട്ടി മത്തായി. തുണ്ടുതറയിൽ കുഞ്ഞുപിള്ള പണിക്കർ ആശാനിൽ നിന്നും കാർത്ത്യായനി പണിക്കത്തി ആശാട്ടിയിൽ നിന്നും അക്ഷര പഠനം. കൊട്ടാരം പ്രൈമറി സ്കൂൾ,എസ്.എൻ.എം യു.പി.സ്കൂൾ, മുതുകുളം ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾതല പഠനം. സഹകരണം മുഖ്യവിഷയമായെടുത്ത് കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും കോമേഴ്സ് ബിരുദം. കമ്പ്യൂട്ടറിൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ. മാവേലിക്കര ഡാറ്റാടെക് കമ്പ്യൂട്ടർ സ്ഥാപനത്തിൽ രണ്ടുവർഷത്തോളം അദ്ധ്യാപകനായിരുന്നു. കുറെക്കാലം ഡൽഹി, ഫരിദാബാദ്, ബോംബെ എന്നിവിടങ്ങളിൽ. ഏഴുവർഷം ബഹ്റിനിൽ ജോലിചെയ്തു. ഇപ്പോൾ മുതുകുളത്ത് ഇന്ത്യാ ഇൻഫോലൈൻ(ഷെയർ ട്രേഡിംഗ് സെന്റർ)ന്റെ ബ്രാഞ്ച് മാനേജർ. കലാവിലാസിനി വായനശാലയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നു. വിവിധ ആനുകാലികങ്ങളിൽ സജീവമായി കവിതകൾ എഴുതുന്നു. ഭാര്യ: മിനി സാമുവൽ. മക്കൾ: പീറ്റർ മത്തായി സാമുവൽ, പോൾ ജോർജ്ജ് സാമുവൽ. സഹോദരങ്ങൾ: രാജമ്മ എഡ്വേഡ്, അക്കാമ്മ മാത്യു, ചെറിയാൻ മത്തായി, വില്യംസ് മത്തായി, റയിച്ചൽ കോശി, റജി മാത്യു. വിലാസം: കിഴക്കേകണ്ടത്തിൽ, മുതുകുളം തെക്ക് പി.ഒ, ആലപ്പുഴ ജില്ല 690 506, ഫോൺ: 9446838923. E-mail:sam.muthukulam@gmail.com

malankaralibrary.com

സമർപ്പണം

മനനിറവോടെ
ജന്മനാടിന്...

malankaralibrary.com

# ഉള്ളടക്കം


| | |
|---|---|
| പ്രാർത്ഥന | 13 |
| ബാല്യകാലം | 14 |
| തൂക്കണാം കുരുവികൾ | 15 |
| ഋഷഭ നൊമ്പരം | 16 |
| കേവുവള്ളം | 17 |
| മാതൃരോദനം | 19 |
| വർഷകാലം | 21 |
| ഉണ്ണിക്കുട്ടൻ | 23 |
| ഊഞ്ഞാലാട്ടം | 26 |
| അണ്ണാറക്കണ്ണൻ | 27 |
| ജി.കെ ടാക്കീസ് | 29 |
| പ്രവാസം | 31 |
| നാട് | 37 |
| മുല്ലവല്ലി | 40 |
| ഗ്രാമഭംഗി | 41 |
| പനിനീർ പുഷ്പം | 55 |
| ചിത്രപതംഗം | 56 |
| നിലത്തെഴുത്ത് | 58 |
| തേന്മാവ് | 60 |
| കണിക്കൊന്ന | 66 |
| അമ്മുമ്മ | 67 |
| മദ്യവിശേഷം | 68 |
| പൂമ്പാറ്റ | 69 |
| പ്രിയ തത്തേ | 70 |
| ചന്ദമാമ | 71 |
| വിഷു | 72 |
| കുഞ്ഞുമാലാഖമാർ | 73 |
| ഒരു യാത്ര | 77 |
| അയൽക്കാർ | 79 |
| കാമധേനു | 80 |
| കാലവിശേഷം | 81 |
| പിറവി | 83 |


malankaralibrary.com

| | |
|---|---|
| രാജാതിരുടൻ | 84 |
| ബംബർ സ്വപ്നം | 85 |
| മുകിലിനോട് | 85 |
| ഒരു ഓണക്കാലം | 86 |
| മൊബൈൽ | 88 |
| കിട്ടുവിന്റെ കിനാവ് | 89 |
| മാവ് | 90 |
| ഈയലുകൾ | 90 |
| വെള്ളപ്പൊക്കം | 91 |
| വന്മഴ വരുന്നേ... | 91 |
| അന്നും ഇന്നും | 91 |
| ഇന്റർനെറ്റ് | 91 |
| കരിനിഴൽ | 91 |
| കൊതുക് | 92 |
| ഈശ്വര സ്നേഹം | 92 |
| നന്മയുടെ വഴികൾ | 93 |
| മരമുകളിൽ | 94 |
| തേൻകുരുവി | 96 |
| കടപ്പുറത്തേക്ക് | 98 |


malankaralibrary.com

# ഗ്രാമാന്തരത്തിലെ മാന്തോപ്പിലൂടെ...

**രാമപുരം രാധാകൃഷ്ണൻ**

"ശക്തിർനിപുണതാലോക-
ശാസ്ത്രകാവ്യാദ്യവേക്ഷണാത്
കാവ്യജ്ഞശിക്ഷയഭ്യാസ
ഇതുഹേതുതദുത്ഭവേ"
(മമ്മടഭട്ടൻ)

"നൈസർഗ്ഗികീചപ്രതിഭാ
ശ്രുതംചബഹുനിർമ്മലം
അമന്ദശ്ചാഭിയോഗോസ്യാ:
കാരണം കാവ്യസമ്പദ:"
(ദണ്ഡി)

"പ്രജ്ഞാനവനവോല്ലേഖ-
ശാലിനീപ്രതിഭാമതാ
തദനുപ്രാണനാജീവ-
ദ്വർണ്ണനാനിപുണ:കവി"
(കവനകൗതുകം)

മുകളിൽ ഉദ്ധരിക്കപ്പെട്ട കാരികകളെല്ലാം തന്നെ കാവ്യോല്പത്തിയുമായി ബന്ധപ്പെട്ട പൗരസ്ത്യ കാവ്യമീമാംസകളിൽ പ്രസിദ്ധിയാർജ്ജിച്ചവയാണ്. കാവ്യരചനയ്ക്ക് ഹേതുവായി ഭവിക്കേണ്ടുന്ന ഒട്ടേറെ ഘടകങ്ങൾ പൂർവ്വസൂരികൾ വളരെ പ്രാധാന്യത്തോടെ ഖണ്ഡിതമായിത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അവയെല്ലാം തന്നെ. ഈ വിഷയത്തിൽ എക്കാലവും പ്രസക്തമായ മാനദണ്ഡങ്ങളുമാണ്. ചുരുക്കത്തിൽ പ്രസ്തുത ഘടകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ആനുപാതികമായി കൃതിയുടെ ശില്പപരമായ ക്രിയാംശത്തിന്റെയും ആസ്വാദനത്തിന്റെയും ഗുണപരമായ തലങ്ങൾക്ക് ബാധകമായിരിക്കുമെന്നാണ് ആചാര്യമതം. അതുതന്നെയാണ് അവർ കാവ്യകാരന്മാർക്കു നൽകുന്ന വ്യംഗ്യോപദേശവും.

ക്ലാസിക്-നിയോക്ലാസിക് കാലഘട്ട

malankaralibrary.com

ങ്ങൾക്കുശേഷം മലയാള കവിതയിൽ റൊമാന്റിക് വസന്തം വിടർന്ന സുവർണ്ണകാല ഘട്ടമായിരുന്നു കവിത്രയങ്ങളുടേത്. പാശ്ചാത്യ സാഹിത്യ സ്വാധീനം മലയാളസാഹിത്യത്തെ പൊതുവേ ബാധിച്ചപ്പോൾ മലയാളകവിതയും ഒട്ടേറെ പ്രവണതകൾക്കും പരീക്ഷണങ്ങൾക്കും വിധേയമായിട്ടുണ്ട്. വൈയക്തിക സങ്കല്പങ്ങളിൽ നിന്നുഭിന്നമായി സാമൂഹ്യയാഥാർത്ഥ്യങ്ങളെ കാവ്യാത്മകമാക്കുന്ന റിയലിസം-സിംബലിസം, മിസ്റ്റിസിസം തുടങ്ങി ഒട്ടേറെ ഇസങ്ങളും, ഇസങ്ങൾക്കപ്പുറം ആവിഷ്കാര രീതിയിലും ഗദ്യാത്മകതി ആസ്വാദക തലത്തിലും വന്നമാറ്റങ്ങളും സാമൂഹിക പ്രതിബദ്ധരും അല്ലാത്തവരും തമ്മിലുള്ള ആശയസംഘട്ടനങ്ങളും കവിതയെ വിലയിരുത്തുന്നവർക്ക് വ്യത്യസ്ഥാനുഭവങ്ങൾ പ്രദാനം ചെയ്യും. അത് അഭിപ്രായഭേദങ്ങൾക്കും ഇടവരുത്തും.

'പ്രാർത്ഥന' തൊട്ട് 'കടപ്പുറത്തേക്ക്'വരെ അൻപത്തിയൊന്ന് രചനകളാണ് ഈ സമാഹാരത്തിലുള്ളത്. വസന്തം കുടമാറ്റം നടത്തുന്ന 'മകര-കുംഭ-മീനമാസങ്ങളിലെ മാന്തോപ്പിൽ കടന്നുചെന്ന അനുഭൂതി. ഒപ്പം കണ്ണിമാങ്ങതൊട്ട് കനിമാങ്ങവരെയുള്ള രുചിഭേദങ്ങളുടെ ഒരാസ്വാദനം. അതാണ് ഈ കൃതി പകർന്നുതരുന്നത്. നിഷ്ക്കളങ്ക പ്രതിഭ, ഭാഷാപരമായ പരിമിതികളെ ആഡംബരരഹിതമായി, പലപ്പോഴും മുക്തഛന്ദസ്സായിത്തന്നെ ഗ്രാമാന്തരീക്ഷത്തിലെ ജീവിതാനുഭവങ്ങളെ ആവിഷ്കരിക്കുന്നു.

"അമ്മതന്നമ്മിഞ്ഞപ്പാലുപോലെ
ഓർമ്മയിലെന്നുമെൻ ബാല്യകാലം
ആദ്യാക്ഷരങ്ങൾ തളിർത്തചുണ്ടും
അക്ഷരം പൂവിട്ടെഴുത്തോലയും."
എന്നുതുടങ്ങി
"ബാല്യമെൻ ജീവിതപുണ്യകാലം..."
(ബാല്യകാലം)

എന്നിങ്ങനെയുള്ള വരികൾ ആരിലും ഗൃഹാതുരത്വം ഉണർത്തുന്ന കവിതയാണ്. വയലേലകളാൽ സമ്പന്നമായിരുന്ന ഗതകാലഗ്രാമഭംഗി പകർന്നു തരുന്ന ചില മനോഹര ചിത്രങ്ങൾ കാണുക.

"കൊറ്റിക്കഴുത്തും കുജപോലുള്ളു
ചെറുതൂവൽ ചകിരിച്ചെളിക്കൂട്ടവും
തെങ്ങോലനാരിൽ മെനഞ്ഞുനിർത്തി
ചേണുറ്റകൂടോ നിരന്നുവാനിൽ..."

malankaralibrary.com

"കുഞ്ഞിച്ചിറകുകൾ വീശിവീശി
കുഞ്ഞാടിപ്പാറിയാ പൈങ്കിളികൾ
ചിറകടിച്ചാർത്തു പറന്നുനീളെ
പൊൻകതിർപ്പാടം വിളവെടുക്കാൻ"
പക്ഷേ
"എത്രയോ പൈങ്കിളിക്കൂട്ടമെത്തി
മുൻകാലസൗഭാഗ്യചിന്തപേറി
ഇല്ലവരില്ലിനിമേലിലൊട്ടും
ഇന്നാവയലോതരിശുഭൂമി"
(തൂക്കണാംകുരുവികൾ)

എന്ന് കവിഹൃദയം വിതുമ്പുന്നു. ഒപ്പം അനുവാചകരും.'ഋഷഭനൊമ്പരം' പണിചെയ്തു തളർന്ന ഒരു കാളയുടെ ആത്മാലാപനമാണ്.

"നുകംപേറി നിന്നൊരാരാമെന്നുടെ ദേഹത്ത-
ങ്ങെത്രമേൽ ചാട്ടവാർ പാടുകളായ്
ചന്തയിൽ കാഴ്ചയായ് കൂട്ടുകാർക്കൊപ്പമാ-
ചന്തിയിൽകാച്ചിയ പാടുകളും."

'കേവുവള്ളം' ഇന്നു ഹൗസ്ബോട്ടായി പരിണമിപ്പിച്ച പഴയ ആലപ്പുഴ-കൊല്ലം-ചക്കുര വള്ളം തന്റെ ഇന്നത്തെ കഥ പറയുകയാണ്.

"കാറ്റിൻ ഗതിയേറി സഞ്ചരിപ്പാൻ
പായ്കെട്ടിയോടിച്ച കേവുവള്ളം
പാഴായ് മൂലയിൽ കെട്ടിയിട്ടോ-
രെൻ രൂപം യാനഭവനമാക്കി."

'മാതൃരോദനം' വ്യത്യസ്തമായൊരു പ്രമേയമായാണ് അനുഭവപ്പെടുന്നത്.

"ഉരുളയുരുട്ടിവായ്ത്തന്ന കരത്തെയും
ഉപ്പില്ലാമട്ടിലൊതട്ടിയിട്ടു?"
"തൻതരംചെയ്തിടാൻ ത്രാണിയാർന്നെന്നാലോ
തൻതരംപോലെചിന്തിക്കയാണോ?-
തണ്ടുംതൻ മോടിയുമായിടും കാലത്തെ-
ങ്ങെത്രമേൽ ചൊന്നവ പോയകന്നോ?"

എന്ന് 'ചൂടേറും പ്രേമത്തിലായിടുമ്പോൾ' അമ്മയുടെ സ്നേഹം മറന്ന മക്കൾക്ക് വേദന യോടെ നല്കുന്ന ഉപദേശങ്ങൾ ചിന്തോദ്ദീപ കവും വിമർശനാത്മകവുമാണ്.

കടുത്ത വേനലിനുശേഷം വരുന്ന ഇടവ പ്പാതി മഴക്കാലദൃശ്യങ്ങൾ'വർഷകാലം' എന്ന വർണ്ണനാപരമായ കവിത പകർന്നു നൽകു ന്നു.'ഉണ്ണിക്കുട്ടൻ' കുട്ടികളുടെ ലോകത്തേക്ക് നമ്മേ കൂട്ടിക്കൊണ്ടുപോയി ഹൃദയം കവരുന്നു.

"ഉറക്കത്തിലുണ്ണിനുണഞ്ഞീടുന്നു
മധുരം കിനിയുന്നൊരോമൽ സ്വപ്നം

malankaralibrary.com

പുഞ്ചിരി തൂവെള്ള മുത്തുപോലെ
പൂർണ്ണേന്ദു പൊന്നൊളിതൂകും പോലെ."

ഇതുപോലെ കവിയുടെ സൂഷ്മനിരീക്ഷണപാടവം വ്യക്തമാക്കുന്ന സ്മൃതിമാധുര്യവും കാവ്യഭംഗിയും തുളുമ്പുന്ന ഒട്ടേറെ വരികൾ ഇനിയും കണ്ടെത്താം. 'ഊഞ്ഞാലാട്ടം' 'അണ്ണാറക്കണ്ണൻ' എന്നീ കവിതകളും പ്രമേയം കൊണ്ട് ഇതേ ജനുസ്സിൽപ്പെടുന്നതു തന്നെ.

ഒരു ഖണ്ഡകാവ്യംപോലെ നാലു ഭാഗങ്ങളായി തിരിച്ചിട്ടുള്ള 'പ്രവാസം' എന്ന രചന സ്വാനുഭവത്തിന്റെ ഉപ്പും പുളിയും എരിവും കൈപ്പും മധുരവുമൊക്കെ ഉൾക്കൊള്ളുന്നു.

"അർക്കന്റെജ്വാലയിൽവേലചെയ്യാൻ
കൂട്ടുകാർകൂട്ടരായൊട്ടുചിലർ
നാട്ടിലെ കൂടുംകുടുക്കകളും
വിറ്റുപെറുക്കിയിവിടെയെത്തി"

എന്നിട്ട് എന്തെങ്കിലുമൊക്കെയായി സ്വന്തം മണ്ണിലേക്ക് മടങ്ങാൻ കൊതിക്കുന്ന മലയാളികളുടെ തന്ത്രപ്പാടുകൾ ഒരു 'കൊളാഷ്' പോലെ ആവിഷ്കൃതമായിരിക്കുന്നു.

'നാട്' ആധുനിക കാലഘട്ടത്തിൽ ഗ്രാമത്തിനു വന്നുചേർന്ന മാറ്റവും നഷ്ടസൗഭാഗ്യങ്ങളോർത്തുള്ള നൊമ്പരങ്ങളും നിസ്സഹായതയും പ്രതിഫലിപ്പിക്കുമ്പോൾ 'ഗ്രാമഭംഗി' മൂന്നുപതിറ്റാണ്ടിനെങ്കിലുമപ്പുറമുള്ള വയലേലകൾ നിറഞ്ഞ ഗ്രാമചിത്രങ്ങൾ യഥാതഥമായി വരച്ചുകാട്ടുന്നു. തുടർന്നുവരുന്ന കുറേയേറെ രചനകൾ ഗ്രാമക്കാഴ്ചകളും അനുഭവങ്ങളുമാണ്. 'നമ്മുടെ വഴികൾ' സാരോപദേശങ്ങളാൽ ചിന്താബന്ധുരം തന്നെ.

സ്വാനുഭവത്തിന്റെ കയ്പ്പും മധുരവും അണപൊട്ടിയൊഴുകുന്ന രചനയാണ് 'കുഞ്ഞുമാലാഖമാർ.' 'കൊതുക്' 'മൊബൈൽ' തുടങ്ങിയ ലഘുകവിതകളും അവസാനഭാഗത്തുള്ള 'ക്യാപ്സൂൾ' കവിതകളും വിവിധ വിഷയങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുകയും അനുശീലനാനുസൃതമായ ആസ്വാദനത്തിന് തിരികൊളുത്തുകയും ചെയ്യുന്നു.

പ്രതിഭ
രാമപുരം
10.10.2010

**രാമപുരം രാധാകൃഷ്ണൻ**

malankaralibrary.com

13

# ഗ്രാമഭംഗി

സാം മുതുകുളം

## പ്രാർത്ഥന

നിത്യ സ്നേഹമാം സത്യസ്വരൂപനെ
നിത്യനാം നിന്നെ പുകഴ്ത്തിടുന്നു
മക്കളാം ഞങ്ങളിൽ ഉൺമയായ് മേവിടാൻ
സ്വർഗ്ഗം തുറന്നു നീ വന്നുവല്ലോ.

ദിനം തോറുമുള്ളതാം ദീനങ്ങളാകവെ
നിൻ ദയാവായ്പിനാൽ മാറ്റേണമെ
ദാനങ്ങളാകവെ ഉൾക്കൊള്ളാനെന്നിൽ നീ
ദാഹാർത്തമായുള്ള ഹൃത്തേകണേ.

തൃക്കൈകളിൽ നീ കാത്തീടണേ ദേവാ
തൃയേക ദൈവമാം പുണ്യവാനെ
പുണ്യമായ്ത്തീരട്ടെ എൻ ജന്മം പാരിൽ നിൻ
പൂജ്യമാം വേലകൾ ചെയ്തിട്ടേവം.

തെറ്റിലകപ്പെട്ടു പോകാതിരിക്കുവാൻ
കുറ്റമില്ലാത്ത നിൻ ഹൃത്തേകണേ
സ്നേഹാർദ്രമായൊരു ഉള്ളം നീ തന്നെന്റെ
ഉള്ളത്തിൽ വാഴുവാൻ മനസ്സാകണെ.

■

malankaralibrary.com

സാം മുതുകുളം

# ബാല്യകാലം

അമ്മതന്നമ്മിഞ്ഞപ്പാലുപോലെ
ഓർമ്മയിലെന്നുമെൻ ബാല്യകാലം
ആദ്യാക്ഷരങ്ങൾ തളിർത്തചുണ്ടും
അക്ഷരം പൂവിട്ടെഴുത്തോലയും.

ഗുരുശാലതന്നിലെ കൂട്ടർകൂട്ടം
കൊതിയൂറും വായന പായസവും
പ്ലാവിൻ ചുവട്ടിലെ കലപിലയും
ചെമ്പരത്തിക്കമ്പിൻ വിളയാട്ടവും.

ഉത്സവമാഘോഷ പൂരങ്ങളും
വിഷുക്കണി പൊൻകണി കൈനീട്ടവും
മുപ്പൂവിരിഞ്ഞൊരാ വയലേലകൾ
മൂവന്തി ചേലൊക്കും പൊൻമേഘങ്ങൾ.

ഓണക്കളികളുമൂഞ്ഞാലാട്ടം
പൂത്തിരിമത്താപ്പിൻ തൂവെളിച്ചം
മാലോകരൊന്നൊക്കും തുമ്പിതുള്ളൽ
മായാത്ത തിരുവാതിര ശീലുകളും.

പത്താം ദിനത്തിലെ സത്കാരവും
അത്തപ്പൂ ചന്ദ്രന്റെ പൊൻനിലാവും
പട്ടംപറത്തിയ കാലങ്ങളും
പുഴമീൻ പിടിച്ചൊരാ വേളകളും.

പുത്തൻ നറുമണചേലകളും
പുതുപുത്തൻ പുസ്തകത്താളുകളും
കൂട്ടുകാർ കൂട്ടമായികൂടിയൊരാ-
പള്ളിക്കൂട പൂഴിമുറ്റങ്ങളും.

ഉല്ലാസമായിട്ടന്നോടിമറിഞ്ഞൊരാ-
വീടിന്നരികെ കുളിക്കുളവും
നന്നായ് നീറഞ്ഞീടുന്നോർമ്മയെന്നിൽ
ബാല്യമെൻ ജീവിതപുണ്യകാലം.

■

malankaralibrary.com

15

ഗ്രാമഭംഗി

സാം മുതുകുളം

# തൂക്കണാം കുരുവികൾ

പച്ചപ്പട്ടുവിരിച്ചപോലെ
ഈന്നു വയലേല ചേലിനാലെ
ആലോല തിരകളായ് കതിർതുമ്പുകൾ
പൊന്നൊക്കും മണ്ണിൻ കതിർക്കുടങ്ങൾ.

കലപില കുശല കലമ്പലോടെ
സൗഭാഗ്യ സന്തോഷ കുറുകലോടെ
മേലേ തെങ്ങോല തുമ്പുതന്നിൽ
തൂക്കണാം കുരുവികൾ പാറിയാർത്തു.

കൊറ്റിക്കഴുത്തും കൂജപോലുള്ളും
ചെറുതൂവൽ ചകിരി ചെളിക്കൂട്ടവും
തെങ്ങോല നാരിൽ മെനഞ്ഞുനിർത്തി
ചേണുറ്റ കൂടോ നിരന്നു വാനിൽ.

കാറ്റിൻ ലയങ്ങളിലാടിയാടി
കുഞ്ഞോല കൂടുകളൂയലാടി
മൂത്തൊരാ നെല്ലിൻ കതിർക്കുലകൾ
കൊത്തിക്കൊടുത്താ കുരുന്നുകൾക്ക്.

കുഞ്ഞിച്ചിറകുകൾ വീശിവീശി
കൂത്താടിപ്പാറിയ പൈങ്കിളികൾ
ചിറകടിച്ചാർത്തു പറന്നുനീളെ
പൊൻകതിർപ്പാടം വിളവെടുക്കാൻ.

ചേലോലുമോമൽ ചെറുകിളികൾ
കുഞ്ഞാറ്റകൂട്ടരോടൊത്തുകൂടി
ചേലോടെ മേലേ പറന്നകലും
വരുംകാലം വന്നിടാൻ വിളവെടുക്കാൻ.

എത്രയോ പൈങ്കിളി കൂട്ടമെത്തി
മുൻകാല സൗഭാഗ്യ ചിന്തപേറി
ഇല്ല വരില്ലിനി മേലിലൊട്ടും
ഇന്നാ വയലോ തരിശുഭൂമി..!!

malankaralibrary.com

16

ഗ്രാമഭംഗി

സാം മുതുകുളം

# ഋഷഭ നൊമ്പരം

തരിശായ് തീർന്നൊരാ കൃഷിഭൂമി കാണുമ്പോൾ
തേങ്ങുന്നെൻ മനമതിദാരുണമായ്
പുലരൊളി തൂകുന്ന നേരത്ത് ഞാനന്നു
വയലൊട്ടുഴുതുവാൻ പോയിരുന്നു.

നുകംപേറി നിന്നൊരാമെന്നുടെ ദേഹത്ത-
ങ്ങെത്രമേൽ ചാട്ടവാർ പാടുകളായ്
ചന്തയിൽ കാഴ്ചയായ് കൂട്ടുകാർക്കൊപ്പമാ-
ചന്തിയിൽകാച്ചിയ പാടുകളും.

പാദേയിരുമ്പാണി ലാടവുമേറ്റു ഞാൻ
ചുട്ടുപൊള്ളുന്നൊരാ പാതതാണ്ടി
ഭാരമേറുന്നൊരാ വണ്ടിവലിച്ചു ഞാൻ
കുത്തനെയുള്ളൊരാ കേറ്റമേറി.

വയറുനിറഞ്ഞൊരാ കാലങ്ങളന്നില്ല
വയറിന്റെ കാര്യമന്നോർക്കാറില്ല
കെട്ടും ചുവടുമെടുക്കുവാനെൻ കൂട്ടർ
പാഞ്ഞിടും ചന്തയും ശാലകളും.

പാറയും കല്ലും നിറഞ്ഞൊരാ വീഥിക-
ളെത്രമേലെൻ കൂട്ടർ താണ്ടിയെന്നോ
എത്രപേർ ചിന്തിക്കുമെന്നെക്കുറിച്ചിപ്പോ-
ളെത്രനാൾ ജീവിക്കുമിത്തരത്തിൽ.

malankaralibrary.com

# കേവുവള്ളം

കാറ്റിൻ ഗതിയേറി സഞ്ചരിപ്പാൻ
പായ്കെട്ടിയോടിച്ച കേവുവള്ളം
പാഴായ് മൂലയിൽ കെട്ടിയിട്ടോ-
രെൻ രൂപം യാനഭവനമാക്കി.

മേൽത്തരം കൂരയിൻ വാസ്തുഭംഗി
ശീതികരിച്ചാഗൃഹം തന്നിലായ്
സത്ക്കാരസദ്യ ശയനമുറി
ശീഘ്രമാമെൻജിനും മേമ്പൊടിയായ്.

പണ്ട് പുരാതന കാലങ്ങളിൽ
ചട്ടി,കലം,കുടം,കച്ചിക്കെട്ടും
തൊണ്ടും,കയറും,മലഞ്ചരക്കാ-
ലെത്രമേലീനദി താണ്ടിയെന്നോ.

കെട്ടുനിറയ്ക്കലും ചുറ്റുവട്ടോം
കെട്ടുവള്ളത്തിൽ കറിവയ്ക്കലും
കഴയൂന്നിയുള്ളാതുഴച്ചിലതും
കമനീയ രംഗത്തിൻ മാറ്റുകൂട്ടും.

തരളിത സുരഭില സുന്ദരക്കാഴ്ചകൾ
തരുണീമണികൾ ശൃംഗാരങ്ങൾ
പൂ...ഹോയ് വിളികളാൽ കൂവിടുന്നാ-
കെല്പെഴും ഊന്നുകാർ തൻധ്വനികൾ.

കിഴക്കിൻ വെനീസിൻ കാഴ്ചകണ്ടും
കന്നിട്ട,തുരുത്തി,കഞ്ഞിപ്പാടം
കരുമാടിക്കുട്ടൻ,തോട്ടപ്പള്ളി
യാത്രതുടരും ഞാൻ ക്ഷീണമെന്യേ.

malankaralibrary.com

18

## ഗ്രാമഭംഗി

**സാം മുതുകുളം**

കേരളനാടിൻ കവിത്രയത്തിൽ
കോടാനുകോടി ഹൃത്തിൽവാഴും
കുമാര-കോടി വൻവളവും
എത്രമേൽ താണ്ടിഞ്ഞാൻ ഭീതിയോടെ.

കാർത്തികപ്പള്ളി,ചൂളത്തെരുവ്
അൻപെഴും തീരം മുതുകുളവും
തെക്കോട്ട് തെന്നൽ തെളിമയോടെ
കായംകുളം കായൽ താണ്ടിവേഗം.

ഓംകാര ശബ്ദത്തിനോച്ചിറയും
നാഗങ്ങൾ, ശ്രേഷ്ടമാം പള്ളികളും
അലയാഴിക്കാറ്റിന്റെ ശക്തി യാല-
ഷ്ടമുടി തന്നിലണഞ്ഞു നിൽക്കും.

മുത്തച്ഛൻ തന്നുടെ ചൊൽക്കഥകൾ
കേട്ടുവളർന്നാമോദമോടെ
ഇന്നുഞാൻ കേൾക്കുന്നെൻ മക്കളുടെ
വീര്യ മേറുന്നൊരാ സാഹസങ്ങൾ.
■

malankaralibrary.com

19
## ഗ്രാമഭംഗി
**സാം മുതുകുളം**

# മാതൃരോദനം

ലോകേശോഭിച്ചിടാൻ ജാതയാം പുഷ്പം നീ
ജന്മനക്ഷത്രമതെത്ര ശ്രേഷ്ടം
അമ്മിഞ്ഞപ്പാലിന്നനുഗുണവും പൊ-
ന്നമ്പിളി മാമൻ തൻ ചേലഴകും.

നന്നായ് നിനച്ചീടാൻ മുൻപയായ് തീർന്നീടാൻ
അൻപാർന്നതെല്ലാമെ ചൊല്ലിയേകി
മെച്ചങ്ങളാർന്നൊരാ കച്ചതൻ കൂട്ടങ്ങൾ
മെച്ചഗുണമോതിയെത്രയേകി?

കൈകാൽ വളർച്ചയതൊക്കയും കണ്ടിട്ട-
ങ്ങാനന്ദ കണ്ണുനീർ വീഴ്ത്തിയതും
കാരുണ്യവായ്പിനാൽ സർവ്വേശൻ ചെയ്തൊരാ-
കാര്യങ്ങൾ കഥകളാൽ ചോല്ലിയതും

ഉറങ്ങുന്ന നേരത്തും ഉണരുന്നകാലത്തും
ഉൺമയായുൾത്തട്ടി ചൊന്നതും ഹാ!
ഉരുളയുരുട്ടി വായ്ത്തന്ന കരത്തെയും
ഉപ്പില്ലാമട്ടിലോ തട്ടിയിട്ടു?

തൻതരം ചെയ്തീടാൻ ത്രാണിയാർന്നെന്നാലോ
തൻതരം പോലെ ചിന്തിക്കയാണോ?
തണ്ടുംതൻ മോടിയുമായിടും കാലത്ത-
ങ്ങത്രമേൽ ചൊന്നവ പോയകന്നോ?

കാലങ്ങൾ മാറുമ്പോൾ കാക്കക്കേടാറുമ്പോൾ
ചൂടേറും പ്രേമത്തിലായിടുമ്പോൾ
അമ്മതൻ അൻപെഴും സ്നേഹാദ്രചിന്തുക-
ളൊന്നായൊഴിഞ്ഞുവോ പ്രേമക്കാറ്റിൽ?

malankaralibrary.com

20

# ഗ്രാമഭംഗി

**സാം മുതുകുളം**

ദുഷ്ടവിചാരങ്ങൾ ദുർബല ചിന്തകൾ
ദുഷ്ടലാക്കോടയാ മിത്രങ്ങളായ്
ദുരന്തങ്ങളൊന്നായണഞ്ഞെത്തിടും ചാരത്ത-
ങ്ങുൾക്കണ്ണിൻ കാഴ്ച മറഞ്ഞീടുമ്പോൾ.

പുഞ്ചിരിതൂകി പൂമെയ്യിൽ തലോടിടാൻ
പുന്നാര സ്വപ്നങ്ങളായിടുമ്പോൾ
ഭാവിതൻ ചിന്തകൾ പോയ് മറഞ്ഞീടുമോ?
ചാരിത്ര ശുദ്ധിയതിർ വരമ്പും?

കാമാന്ധകാരത്തിൽ ജീവിച്ചകാലങ്ങൾ
കാമമനസ്സിന്റെ വിങ്ങലുകൾ
കാർമേഘമാലയായ് പെയ്യവെ പൂമൊട്ട്
ഞെട്ടറ്റുവീണയ്യോ! വിരിയും മുമ്പ്.

പോയൊരാകാലങ്ങൾ പോരില്ല പിന്നെയാ-
നഷ്ടസത്കീർത്തി വീണ്ടെത്തുകില്ല
പോയൊരപൂർവ്വമാം പൂർവ്വികദാനങ്ങ-
ളൊന്നുമേ പോരില്ല മേലിലൊട്ടും.

കുത്തൊഴുക്കിൽപ്പെട്ട കളിവള്ളം പോലവെ
പൊയ്പ്പോയ ജീവിതസത്ചിന്തകൾ
ശൈശവം തൊട്ടുള്ളനുഗ്രഹമെല്ലാമെ
ദുർബലചിന്തയാൽ ശാപങ്ങളായ്.

സപ്തസ്വരങ്ങളാൽ മീട്ടിയജീവിതം
സങ്കട കടലിങ്കൽ മുങ്ങിത്താണു
നഷ്ടവും ശിഷ്ടവും ജീവിതചക്രവും
മുൻപേ വചിക്കുവാനാർക്കായിടും.?

■

malankaralibrary.com

# വർഷകാലം

മാനം മഴക്കാറിലിരുളാർന്നുമങ്ങി
പുതുമഴ വൻമഴക്കാലമായി
ഗോക്കൾരോദനം ദിക്കുണർത്തി
കൂകിവിളിച്ചാർത്തു കുട്ടികളും.

ആഞ്ഞാഞ്ഞു വീശിയടിച്ചകാറ്റിൽ
മാമ്പഴക്കൂട്ടം ചിതറിവീണു
ഞെട്ടറ്റു വീണൊരാ തേൻപഴങ്ങൾ
കൂട്ടരോടൊത്തുപോയ് കൂട്ടിവച്ചു.

കാറ്റിൻ ചിലമ്പൊലിത്താളമേളം
ജാലകവാതിൽ പടിയടഞ്ഞു
പുതുവർഷ പൂവിളി ശംഖൊലിപോൽ
പഴുത്തിലക്കൂട്ടം പറന്നിറങ്ങി.

കാറ്റേറ്റു ചാറ്റലായ് മഴയുതിർന്നു
പുൽക്കൊടി തുമ്പോ തലകുനിച്ചു
പച്ചിലച്ചാർത്തുകൾ തെങ്ങോലകൾ
പെയ്ത്തിൻ സുഖത്തിൽ മുഖമുയർത്തി.

ഇടിമിന്നലകമ്പടിത്താളമേളം
ഇടവഴിനടവഴിച്ചാലുകീറി
മതിമറന്നൂ, മഴ പെയ്തിറങ്ങി
തുള്ളിയുറയുന്ന വർഷകാലം.

വീശിയടിച്ചാർത്തു പെയ്തുകൂട്ടി
ഒരു കുടത്തുള്ളിയായ് നീർത്തുള്ളികൾ
കാക്ക, ചകോരം നനഞ്ഞുലഞ്ഞു
വർഷകാലസുഖ കഥ പറഞ്ഞു.

malankaralibrary.com

22

## ഗ്രാമഭംഗി

**സാം മുതുകുളം**

നിർമ്മല വർഷസുഖം നുകരാൻ
തോരാ മഴയിൽ കുളിച്ചാർത്തിടാൻ
കുട്ടികൾക്കൊപ്പം നീരിലാടി
മലയാളമഴക്കാല സുഖമറിഞ്ഞു.

രാവിൻ വിപഞ്ചിയിൽ താളമേളം
മത്സ്യ, മണ്ഡൂക ധ്വനിയുണർത്തി
ഓളപ്പരപ്പിൽ പുളച്ച മത്സ്യം
വീശും വലയിൽ പിടഞ്ഞുഴറി.

നെഞ്ചകം വിണ്ടുപിളർന്നു കിടന്നൊരാ
നീർത്തടമെല്ലാം തടാകങ്ങളായ്
മണ്ണിൻമടിയിൽ തലചായ്ച്ചുറങ്ങിയ
മണ്ണിര വേലയാൽ മണ്ണുണർന്നു.

കർഷകർ കൈക്കോട്ടെടുത്തുയർത്തി
ഞാറ്റുവേലക്കരത്താളമായി
വിത്തിൻ മുകുളമുയർന്നു പൊങ്ങി
പുത്തൻ പിറവിക്കാലമായി.

■

malankaralibrary.com

# ഉണ്ണിക്കുട്ടൻ

പിഞ്ചിളം കയ്യാൽ പിടിച്ചുമെല്ലെ
പിച്ചനടക്കുമെന്നുണ്ണികൂടെ
അംബരം ചുറ്റിയങ്ങമ്പിളിയും
കൂടെ വരുന്നുണ്ടങ്ങു ദൂരെ.

ചെന്തൊണ്ടിതോൽക്കുന്നൊരോമൽമുഖം
കൊച്ചരിപ്പല്ലാൽ ചിരിക്കും മുഖം
വിരിയുന്നൊരാമ്പൽപൂ ഭംഗിയാലെ
ചാരത്തണയുന്നു മെല്ലെ മെല്ലെ.

കാൽത്തളതട്ടിക്കളിച്ചിടുമ്പോൾ
കേൾക്കുന്നൊരാനന്ദ കാൽകിലുക്കം
കൈനീട്ടിമെല്ലെ വിളിച്ചിടുമ്പോ-
ളാമോദ വാത്സല്യപൊൻതിളക്കം.

കുഞ്ഞിളം ചുണ്ടാൽ മൊഴിഞ്ഞുചെമ്മേ
അമ്മേ, വിളിക്കുന്നൊരിമ്പസ്വരം.
"അമ്മേ-അമ്മിഞ്ഞപ്പാലുതരൂ
അൻപോലുമോമൽ പാട്ടുപാടൂ."

കൈകാൽ വളരെ വളരെ ചൊല്ലി
എണ്ണ പുരട്ടിയാ പാളയിങ്കൽ
കുട്ടിക്കുറുങ്ങാകഥകൾ ചൊല്ലി
ചൂടിളം വെള്ളക്കുളി നടത്തി.

കൺദോഷമെന്യേ കരുത്താർന്നിടാൻ
കവിളിൽ കരിമഷി പൊട്ടുതൊട്ടു
കൈവെള്ളമേലേ കിടത്തിയാട്ടി
നെഞ്ചോടുചേർത്തു പുണർന്നുറക്കി.

ഉറക്കത്തിലുണ്ണിനുണഞ്ഞീടുന്നു
മധുരം കിനിയുന്നൊരോമൽ സ്വപ്നം

malankaralibrary.com

24

# ഗ്രാമഭംഗി

**സാം മുതുകുളം**

പുഞ്ചിരി-തൂവെള്ള മുത്തുപോലെ
പൂർണ്ണേന്ദു പൊന്നൊളിതൂകും പോലെ.

പിച്ചവച്ചുമ്രപ്പടികയറി
പീഠത്തിലാടിപ്പിടിച്ചു നിൽക്കും
ഉണ്ണിയെ നോക്കിയിട്ടമ്മചൊല്ലും
"ഉണ്ണി വയറിൽ വിശപ്പുമില്ലേ?"

ഇങ്കുകുറുക്കിക്കൊടുത്തിടുമ്പോ-
ളിഷ്ടക്കേടുണ്ടായിട്ടിത്ര ചൊല്ലും
"ഇങ്കുകുറുക്കിതരേണ്ടെനിക്ക്
അമ്മ നറുംപാൽ മതിയെനിക്ക്."

കാകന്റെ പിന്നാലെ ഓടിച്ചെന്നി-
ട്ടുള്ളം കൈ തന്നാലെ ചോറ് നീട്ടും
കുറുഞ്ഞികളൊന്നായിട്ടോടിയെത്തും
കുരുന്നിന്റെരികെയിരുന്നുറങ്ങും.

കൊച്ചേച്ചികുട്ടന്റെ കൂടെക്കൂടി
കുട്ടിക്കവിതകൾ ചൊല്ലിയാട്ടും
മണ്ണപ്പം ചുട്ടുവിളമ്പിയേകും
കുഴിയാനയൊന്നാൽ പടംവരയ്ക്കും.

ആനപ്പുറമേറ്റി ചുറ്റിക്കറങ്ങുന്നോ-
രച്ഛന്റെ തോളേറിയുണ്ണിചൊല്ലും
വലത്താനെ, ഇടത്താനെ, നേരെയാനെ
ഭൂലോകം ചുറ്റെന്റെ കൊമ്പനാനെ.

സന്ധ്യാദീപം തെളിച്ചിടുമ്പോ-
ളമ്മയോടൊപ്പം ഉണ്ണിചേരും
സത്യസ്വരൂപജപം നടത്തും
നാമജപങ്ങളാൽ വീടുണരും.

അത്താഴവട്ടകറിക്കൂട്ടങ്ങൾ
താലത്തിലമ്മ വിളമ്പിടുമ്പോൾ
അച്ഛന്റെ കൂടെയിരുന്നുചൊല്ലും
കുട്ടനും പപ്പടക്കഞ്ഞിവേണം.

malankaralibrary.com

25

## ഗ്രാമഭംഗി

**സാം മുതുകുളം**

തോളിൽ കിടത്തി തലോടിടുമ്പോൾ
മൂളിക്കിടക്കുമെന്നോമൽക്കുട്ടൻ
താളത്തിലൊന്നു കുറഞ്ഞിടുമ്പോൾ
തലപൊക്കിമെല്ലെ ചിരിച്ചുകാട്ടും.

തൊട്ടിലിനുള്ളിൽ കിടത്തിമെല്ലെ
കൊഞ്ചിച്ചുകൊണ്ടമ്മ ചൊല്ലിയാട്ടും
അമ്പിളി മാമന്റെ ചേലുള്ളോരുണ്ണി
ഉറങ്ങുറങ്ങുണ്ണീയുറങ്ങുറങ്ങ്.

malankaralibrary.com

26

ഗ്രാമഭംഗി

സാം മുതുകുളം

# ഊഞ്ഞാലാട്ടം

വീടിന്നരികെ പറമ്പിലായുള്ളോരാ
പ്ലാവിൻ മരക്കൊമ്പിലൂഞ്ഞാലിടാൻ
കൊമ്പിലേറുന്നൊരാ മൂപ്പർതൻ പാണിയിൽ
നന്നായ് ബലമേറും കയറുനൽകി.

വെട്ടിയൊരുക്കിയോരോല മടലിലി-
രുന്നാടാൻ പടിയാക്കി കയറുകെട്ടി
ചില്ലാട്ടമാടുമ്പോൾ പൊട്ടാതിരുന്നാടാൻ
കെട്ടിൻ ബലമൊന്നുറപ്പ് നോക്കി.

ഉഞ്ഞാലൊന്നാടുവാൻ ഉണ്ടയിട്ടാടുവാൻ
കൂട്ടർതൻ മിണ്ടാട്ടമുച്ചത്തിലായ്
വെറ്റയും പാക്കും കടംകൊണ്ട് ചൊന്നീടും
മെച്ചത്തിലാട്ടണമുച്ചത്തിലും.

ബലമുള്ളാപടിയുടെ മുകളിലായ്നിന്നുകൊ-
ണ്ടാഞ്ഞാഞ്ഞു ചില്ലാട്ടമാടിടേണം
കൊറിക്കാൻ വറുത്തവയെല്ലാം മോഹിക്കും
ഊഞ്ഞാലിലുച്ചത്തിലാടീടുമ്പോൾ.

മുകളിലാകൊമ്പിന്റെ ശാഖയിലുള്ളോരാ-
മിലകൾ പറിച്ചിടാനാഞ്ഞീടേണം
തന്നൂഴം തീർന്നിടാൻ പോകുന്നമുൻപായി-
ട്ടുള്ളം നിറഞ്ഞേറെയാടീടണം.

അന്തിയക്കണഞ്ഞീടും പൊന്നോണവെട്ടത്തി-
ലാർപ്പോവിളികളാലാടിയാർക്കും
കൂട്ടർ തൻ കൂട്ടങ്ങളില്ലാതെയെങ്ങനെ
ഊഞ്ഞാലിലോണത്തിൻ പൂവിളികൾ.

■

malankaralibrary.com

സാം മുതുകുളം

# അണ്ണാറക്കണ്ണൻ

ഉച്ചമയക്കത്തിലായിരുന്നെന്നെയാ
ഉച്ചത്തിലുള്ള സ്വരമുണർത്തി
തല്ലുവാനുള്ള കോപം വന്നീടിലും
തഞ്ചത്തിൽതന്നെ കാര്യംതിരക്കി.

ഒച്ചകേട്ടാക്ഷണേ വന്നെന്റെഭാര്യയോ-
ടൊച്ചതൻ കാര്യമെന്തന്ന് ചൊല്ലി
കാക്കകൾ കൂട്ടമായക്രമിച്ചിട്ടൊ-
രണ്ണാറക്കണ്ണന്റെ കാര്യം ചൊന്നൂ.

പൂവാഴയൊന്നിലിരുന്നോരാ കണ്ണനെ
കാകന്മാരൊന്നായി കൊത്തിവീഴ്ത്തി
പുഞ്ചിരിതൂകിക്കൊണ്ടോടിച്ചെന്നായെന്റെ-
കുട്ടന്റെ മൊട്ടയ്ക്കുമൊന്നുകിട്ടി.

അമ്മോ വിളിച്ചുകൊണ്ടോടിയ കുട്ടനാ-
കോഴിക്കൂട്ടിൽ തട്ടി താഴെവീണു
അലറിവിളിയും മുറവിളിയുമായിട്ടു-
ച്ചത്തിലായഹോ പിന്നെയെല്ലാം.

അടപ്പുള്ള കൂട്ടിലായിട്ടോരാകണ്ണന്
നാലഞ്ചുവാഴപ്പഴങ്ങളേകി
അൻപെഴും ശബ്ദത്തിൽ നന്ദിചൊല്ലിക്കൊണ്ട-
ങ്ങണ്ണാറക്കണ്ണനാ കൂട്ടിൽ വാണു.

മുതുകിലായുള്ളോരാ മൂന്നു വരകളും
ശ്രീരാമചന്ദ്രന്റെ പാണിയല്ലോ?
സീതയെ വീണ്ടിടാൻ വാനരസേനയ്ക്ക-
ന്നേകിയ കല്ലിൻ പ്രതിഫലമോ?

malankaralibrary.com

28

## ഗ്രാമഭംഗി

**സാം മുതുകുളം**

അരികിലായുള്ളൊരശോക മരത്തിലും
അയലത്തെ മാവിൻ മരക്കൊമ്പിലും
ചാടിക്കളിക്കുന്ന 'അപ്പു'വിന്നായിട്ടാ
കൂട്ടരാം കുട്ടികളെല്ലാമേകും

പാലും, പഴങ്ങളും, മാമ്പഴക്കൂട്ടവും
സ്വാദൂറും ചക്കതൻ തേൻപഴവും
എല്ലാം കഴിച്ചിട്ടങ്ങപ്പുവോ നിത്യവും
ചൊല്ലുന്നു ചിൽ ചിൽ സ്നേഹമോടെ.

malankaralibrary.com

# ജി.കെ ടാക്കീസ്

അവതാരങ്ങളിലൊന്നായ രൂപം
ഗോപാലനീശ്വര നാമമോടെ
എത്രയോ കാലം നിന്നു നീ താരമായ്
എത്ര ജന്മങ്ങൾ മനം കുളിർത്തു.

ശരണധ്വനികളുയർത്തി പ്രദോഷേ
ഭക്തിയുണർത്തിയെൻ ഗ്രാമമദ്ധ്യേ
തുമ്പ മകറ്റി ഇമ്പ ഗാനങ്ങളാൽ
തുമ്പിയായ് പാറി നീണ്ടകാലം.

കണ്ടുഞാനും ബാല്യമെൻ കാലത്ത്
കൈരളി പുൽകിയ പുണ്യങ്ങളെ
ശീലയിൽ മിന്നിയ താരങ്ങളേവരും
ശില്പങ്ങളായ് കൊണ്ടുഹൃത്തടത്തിൽ

ചരിത്രം രചിച്ച ചാരിത്ര്യ ചിന്തുകൾ
ചിറ്റോളങ്ങളിൽ ചാലിച്ച ചിത്രങ്ങൾ
ചിറ്റമ്മ,പെറ്റമ്മ,പോറ്റമ്മ പൊയ്മുഖം
ചിത്തത്തിലായിരം ചിരിയുണർത്തി.

ജന്മപുണ്യങ്ങളെ പുൽകീടുവാൻ
ഈ ഞാനുമെത്തിയുല്ലസമോടെ
ഇന്നന്റെയോർമ്മയുണത്തുന്നാ ചിത്രങ്ങൾ
ഇന്നലെ പോലവ കൺകുളിർക്കെ.

'ഷോ'കഴിഞ്ഞുള്ള നേരത്ത് ചെന്ന-
ക്ഷമയോടാ പിൻ വാതിൽ മുൻപിൽ
പോരുന്ന തെപ്പോഴാ കൂട്ടരൊന്നാകവെ
കണ്ടിട്ടു കൺകുളിർത്തെൻ ഗേഹേപോയിടാം

malankaralibrary.com

30

# ഗ്രാമഭംഗി

**സാം മുതുകുളം**

ഇല്ല! വന്നില്ലിങ്ങാരുമേ പോന്നില്ല
എല്ലാം എൻമന സങ്കല്പങ്ങൾ.

ഗൃഹങ്ങളിലാകവെ'ദർശൻ'വഴിഞ്ഞുള്ള
ക്രൂരദംശന മേറ്റതിൻ പേരിലോ
പട്ടുപോയ് നീയും നിൻ സോദരജന്മങ്ങൾ
അമ്പിളി, അർച്ചന, ചിത്ര, സുനിതയും

കാലം കടന്നു പോയീടുമെന്നാകിലും
കൺകണ്ട കാഴ്ച കടന്നീടുമോ?
പൂരമൊഴിഞ്ഞ പറമ്പുപോൽ കാൺമുഞാൻ
പുൽക്കൊടി പൊങ്ങിയാ പാഴ്ഭൂമിയെ.

മനം പിടയുന്നു മാൻപേടപോലവെ
മനതാരിലോർമ്മയുണർന്നീടുന്നു
കാലാന്തരത്തിൽ മറഞ്ഞിട്ടു മോമലേ
കാമിച്ചു പോകുന്നു നിന്റെ കാലം.

■

---

* ദൂരദർശൻ-ടി.വി

malankaralibrary.com

# പ്രവാസം

*ഭാഗം ഒന്ന്*

കലാലയ വിദ്യകളഭ്യസിച്ചു
അഭ്യാസമെല്ലാമേറെയായി
കാലങ്ങൾ പിന്നെയും നീങ്ങിനീങ്ങി
കാലക്കേടൊന്നുമേ നീങ്ങിയില്ല.

ഒപ്പം നടക്കുവാൻ തൻനിഴൽ മാത്രമായ്-
ഒഴിയാതെ കൂടിയാ ജാതകവും
നിരീശ്വര ചിന്തകളേറിവന്നു
അവസാന ചിന്തതൻ മന്ത്രണവും.

ഉടുതുണി മാറ്റുവാനൊന്നുവേണം
പൊടിയാത്തതൊന്നുമേ ബാക്കിയില്ല
അറയിലെ നെല്ലുകൾ തീർന്നിടുന്നു
പറതൻ ഭാഗ്യമൊഴിഞ്ഞീടുന്നു.

പറയുവാനായിരം പഴമൊഴിയെങ്കിലും
പഞ്ഞമകറ്റുവാനൊന്നുമില്ല
പാടും പരാതിയും കേട്ടുകേട്ട്
പടിക്കലായ് പിന്നെയാ പായ്‌വിരിപ്പും.

അർക്കന്റെ ദിക്കുകൾ മാറിവന്നു
പൂർണ്ണചന്ദ്രന്റെ ശോഭയുമേറിവന്നു
പൂർവ്വികർ സ്നേഹബന്ധങ്ങളാകവെ
ദീപമായ് ദിക്കിൻ പ്രകാശങ്ങളായ്.

'പാഴായതത്രയും തട്ടിമാറ്റി
കെട്ടണം ചിട്ടയാം കോട്ടയൊന്ന്,'
മുൻഷിതന്നൻപെഴും വാക്കുകേട്ടാ-
കാശക്കോട്ടകൾ കെട്ടിപ്പൊക്കി.

malankaralibrary.com

32

## ഗ്രാമഭംഗി

**സാം മുതുകുളം**

ദിനന്തോറുമെത്തുമാ പത്രത്തിൽവന്ന
വാർത്തയിലൊന്നെന്റെ കണ്ണുടക്കി
കൊതിയോടെ വായിച്ചാപത്രമെടുത്ത-
ഞ്ചലാഫീസിൻ പടികയറി.

ഒട്ടിച്ചുവിട്ടാ കത്തിന്റെകത്തായി
പിന്നെയെല്ലാമെൻ പ്രതീക്ഷകളും
ഒറ്റയ്ക്കുപോയിട്ടാദേവലയപ്പടി
വാതിലിൽ തന്നെയും നോക്കിനിന്നു.

കാലങ്ങളോളം കാത്തിരുന്നാ-
പുണ്യദിവസം വന്നണഞ്ഞു
വിസയും,പാസ്പോർട്ടും രേഖയാക്കി
വേണ്ടിഷ്ടരോടെല്ലാം യാത്രചൊല്ലി.

ഒടുവിലാ പ്രേയസിതന്നെ നോക്കി
പ്രേമമാം ഭാഷയിലിത്ര ചൊല്ലി
'എത്രയും വേഗത്തിലോടിയെത്തും
കാലക്കേടെല്ലാം നീങ്ങീടട്ടെ.'

ആയിരമായിരം ദൂരം താണ്ടാൻ
അംബരസീമയിൽ സവാരിചെയ്തു
കാതങ്ങൾ താണ്ടുവാൻ കാത്തിരുന്നു
മരുഭൂമിതന്നുടെ നാട്ടിലെത്താൻ.

*ഭാഗം രണ്ട്*
നാലഞ്ചുനാഴിക സഞ്ചരിച്ചു
ആഴിതൻ മറുകര കോണിലെത്താൻ
ഹുങ്കാര ശബ്ദമോടവിടെയെത്തി
മരുഭൂമി തന്നിലെ നാട്തന്നിൽ.

നാനാവഴിയിലും കൂട്ടയോട്ടം
പുസ്തക താളൊന്നിൽ രേഖയാക്കാൻ
കാത്തുനിന്നു ഞാനുമൂഴത്തിനായ്
നന്മകൾ സർവ്വതും വന്നിടട്ടെ.

മരുഭൂമിതന്നെയോ പൂവാടിയോ ലോക-
മായാവിലാസത്തിൻ പൂന്തൊട്ടിലോ?

malankaralibrary.com

33

# ഗ്രാമഭംഗി

## സാം മുതുകുളം

അംബരചുംബിയാം മന്ദിരങ്ങൾ
കൊട്ടാരതുല്യമാം കെട്ടിടങ്ങൾ.

ശീതളത്തനിമയിൽ യാത്രയാകാൻ
ശീതികരിച്ച വാഹനങ്ങൾ
പച്ചപ്പകൽ പോലെ യാത്രയാകാൻ
രാത്രിയിലൂർജ്ജ പ്രാകാശനങ്ങൾ.

സൗന്ദര്യബോധന മത്സരങ്ങൾ
സൗന്ദര്യകൂട്ടർതൻ കായികങ്ങൾ
സ്വരസുന്ദരന്മാരുടെ മിന്നലാട്ടം
ഗായകർ തൻ സ്നേഹ കളമൊഴികൾ.

കൺകെട്ടുവേലയും കിലുക്കിക്കുത്തും
ആനന്ദ ജീവിതമേകിടാനായ്
സുന്ദരി'ബെല്ലി'നർത്തകികൾ
സുരഭില സുന്ദര ദായകങ്ങൾ.

മായാത്തോർമ്മയുണർത്തീടുന്ന
മായാമകരന്ദ പൂവാടികൾ
അനല്പമാം സുന്ദര വീഥികളും
പനഥാവുതന്നിലെ കാഴ്ചകളും.

കാലത്തിൻ കയ്പുകൾ മായ്ച്ചീടുവാൻ
അമൃതിന്നക്ഷയ ഭണ്ഡാരങ്ങൾ
സത്യത്തിൻ പൊരുളേറി സഞ്ചരിപ്പാൻ
വിശ്വാസക്കൂട്ടർ തന്നാലയങ്ങൾ.

മാത്രയിൽ കാര്യങ്ങളൊക്കെ നേടാൻ
വമ്പൻ വ്യാപാര കെട്ടിടങ്ങൾ
ആകയുമാശ്ചര്യമേറ്റിടുന്നു
മറുനാടിൻ സുകുമാര പൊൻകലകൾ.

*ഭാഗം മൂന്ന്*

അർക്കന്റെ ജ്വാലയിൽ വേല ചെയ്യാൻ
കൂട്ടുകാർ കൂട്ടരായൊട്ടു ചിലർ
നാട്ടിലെ കൂടും കുടുക്കകളും
വിറ്റുപെറുക്കിയിവിടെയെത്തി.

malankaralibrary.com

34

## ഗ്രാമഭംഗി

**സാം മുതുകുളം**

വേണ്ടതാം വേലകൾ പാലിച്ചിടാൻ
വീട്ടിലെ പട്ടിണിയാകെ മാറ്റാൻ
പാടും ദുരിതവും പേറിയിവർ
പാരിട ദുഃഖങ്ങളേറെതാണ്ടി.

നാട്ടിലെ കൊള്ളക്കാരായ ചിലർ
കള്ളത്തരങ്ങൾ കാട്ടിയേവം
കഷ്ടപ്പെടുത്തുന്നിഷ്ടന്മാരെ
നഷ്ടമായ് സർവ്വതും കൊട്ടിലതും.

തൻകാര്യം കണ്ടു പ്രഭുക്കളായി
തന്നിഷ്ടമെല്ലാം നേടിയിവർ
നഷ്ടമാക്കീടുന്നീ പുണ്യജന്മം
ദുഷ്ടകർമ്മങ്ങൾ ചെയ്കയാലെ.

*ഭാഗം നാല്*
രാവും പകലും മാറിമാറി
എല്ലുമുറിഞ്ഞേറെ വേലചെയ്തു
കേരളഭൂവിൽ ജനിച്ചോരീ കർമ്മികൾ
മറുനാട്ടിൽ സ്വർണ്ണത്തിൻ വിത്തുപാകി.

ആമോദപൂർവ്വമായ് കൊയ്തുകൂട്ടി
നാടിന്നഭിമാന പൊൻ കൊടികൾ
വരുംകാല നന്മതൻ ചിന്തപേറി
തണ്ടുവലിപ്പോർ മരുഭൂവതിൽ.

വീരരായ് വാഴുമാ വൻപെഴും നാട്ടിലെ
വറുതികോലർക്കരിഷ്ടത നീക്കാ-
നാശ്രയ മാകുന്നി പ്രവാസ ജീവികൾ
മറുനാടിൻ കാരുണ്യ വേലയിന്മേൽ.

സേവകരായിട്ടിങ്ങെത്തുന്നീ ഭൂവിൽ
മിത്രജന്മങ്ങളെ ഓർത്തതിന്മേൽ
വേലകാട്ടാതിവർ വേലയെടുക്കുന്നു
നാളതൻ ഭാഗ്യദിനങ്ങളോർത്ത്.

തൊഴിലാളി ചോരചീന്തിക്കുടിച്ചുള്ള
വിപ്ലവ ചിന്തകളിവിടെയില്ല

malankaralibrary.com

35

# ഗ്രാമഭംഗി

### സാം മുതുകുളം

മുഷ്ടിചുരുട്ടി വാനിൽ വിളിക്കുന്ന
മൃഷ്ടാന്നഭോജന ചിന്തകളും.

ഗുണ്ടാവിളയാട്ട കൈത്തരിപ്പും
അട്ടിമറിക്കൂലി തണ്ടുകാട്ടും
കർഷകമിത്രമായ് പേരുചൊല്ലി
വെട്ടിനിരത്തൽ വേലകളും.

'ലോകാ: സമസ്താ: സുഖിനോ ഭവന്തു,'
ഭജിക്കുന്നീ പൊൻനാടിൻ രാജാക്കന്മാർ
കാരുണ്യവായ്പോടെ കാട്ടുന്നീ ദൈവജ്ഞർ
സോദരസ്നേഹത്തിൻ പൊൻവെളിച്ചം.

ഊഷരഭൂമിയെ ഉർവ്വരമാക്കുവാൻ
ഉണർവ്വിൻ വഴികളെയേറ്റുന്നീ സർവ്വജ്ഞർ;
ദേശപുരോഗതി മാത്രമല്ലോ നിങ്ങൾ
കാക്കുന്നു നിത്യവും ഹൃത്തടത്തിൽ.

ദേശീയവാദമുയർത്തുന്നീ ഭൂമിയി-
ലിത്ര കരുണയാലേകിടും വേലകൾ
നൽകുന്ന കാരുണ്യ ചിന്തകളത്രയേ
മാനവസ്നേഹത്തിൻ പുത്തൻ പതിപ്പുകൾ.

ആഴിയിന്നാഴവും ആകാശദൂരവും
അകറ്റുവാനാകില്ല ആത്മബന്ധം
കുത്തരിച്ചോറും കൈത്തറി വേഷവും
സോദരർ തന്നുടെ സ്നേഹവായ്പ്പും.

മായാവിലാസത്തിൽ മിന്നുന്ന കാവ്യമാം
ഓണത്തിന്നാരോമൽ ശീലുകളും
ഉത്സവക്കൂട്ടവും, ഊഞ്ഞാലാട്ടവും
പുള്ളുവർ പുന്നാര പാട്ടുകളും.

ആവതും വേഗേന സഞ്ചരിച്ചു
അനല്പമാം ജീവിത കോപ്പുകൂട്ടാൻ
തൻകാര്യം നേടാൻ ശിഷ്ടമാക്കാൻ
തൻതരം പോലെ നോക്കിയെല്ലാം.

ജീവിത വീഥിയിൽ വിജയമോട-
ങ്ങെത്രയും പെട്ടന്നെത്തവേണം

malankaralibrary.com

36

# ഗ്രാമഭംഗി

## സാം മുതുകുളം

രാത്രിയും മിത്രമായ് കൂട്ടിനെത്തി
നാഴിമണികളാലറനിറഞ്ഞു.

ഇല്ലായ്മ തൻ സ്നേഹനൊമ്പരവും
നട്ടംതിരിഞ്ഞൊരാ കാലങ്ങളും
ഇല്ലാത്ത കാശിന്റെ കാര്യം ചൊല്ലി
പന്തിയിൽ കൂട്ടാത്ത കൂട്ടരേയും.

അന്തിയ്ക്കരിയില്ലാ നേരത്തൊരുകലം
അടുപ്പത്ത് വച്ചാ അമ്മയേയും
അഷ്ടിവകതേടി കഷ്ടമാർന്ന
അച്ഛന്റെ സ്നേഹവുമോർത്തീടുന്നു.

പ്രാപ്തനാം മിത്രത്തെ കണ്ടുകിട്ടി
സോദരിയ്ക്കനുയോജ്യ വേളിയായി
ഗംഭീരസദ്യയും ചുറ്റുവട്ടോം
ചടങ്ങിന്നാദിന മോടികൂട്ടി.

പുത്തൻ പെരുമയിൽ പണിതുയർത്തി
കൊട്ടാരതുല്യമാം കെട്ടിടവും
നേർച്ച കൊടിമരമൊന്നു നൽകി
സ്നേഹമോടാദേവ സന്നിധിയിൽ.

വാങ്ങിയങ്ങാശയാൽ തെങ്ങിൻതോപ്പും
നാലഞ്ചുമൂപ്പു കൃഷിയിടവും
തൻ വാക്ക് തന്നെയും നേരിലാക്കാൻ
വേളികഴിച്ചു തൻ കാമുകിയെ.

കാലങ്ങൾ വേഗേന പോയ്മറഞ്ഞു
സന്താന സൗഭാഗ്യം വന്നണഞ്ഞു
കാലത്തിൻ മായാത്ത 'കാല്പാടുകൾ'
പുണ്യമായെന്നും വിളങ്ങിടട്ടെ.

കണ്ണുനീർകൊണ്ടു നനഞ്ഞമുറ്റത്തു-
യർച്ചയുമീശ്വരൻ കാട്ടുന്നു കൈകളാൽ
മന്ദസ്മിതാർദ്രമാം മുഖമോടെ മുത്തട്ടെ
ഈശ്വര, നിൻ പൂജ്യ തൃപ്പാദങ്ങൾ.

malankaralibrary.com

37

ഗ്രാമഭംഗി

സാം മുതുകുളം

# നാട്

പാടവും തോടും കായൽകരകളും
പാവനമാക്കുമീ തീരഭൂവിൽ
പൂജാഗൃഹങ്ങളാൽ പുണ്യമായോ-
രെൻ ജന്മഭൂമി ജയിക്കമേന്മേൽ.

നാടങ്ങുമാറി നാട്ടാരുമാറി
നാടിന്റെ ഛായകളാകെമാറി
മുപ്പൂകൃഷി ചെയ്ത വയലേലകൾ
ഒന്നായ് നശിക്കയായ് നാടുനീളെ.

മണ്ണിട്ടുയർത്തിയ വയലുകളിൽ
തെരുതെരെ കോൺക്രീറ്റ് സൗധങ്ങളായ്
കറ്റനിരന്നൊരാ ഗ്രാമീണ മുറ്റങ്ങൾ
പറ്റമായ് സൗന്ദര്യമുറ്റങ്ങളായ്.

പുട്ടലും കൊട്ടിലും ചുമടുതാങ്ങീം
കാളേം കലപ്പേം ഉഴവുകോലും
ആട്ടുന്നരയ്ക്കുന്ന കല്ലുകളും
ചക്കും ഉരലും ഉലക്കകളും.

ചെപ്പുകളികളും കൊത്തംകല്ലും
കുട്ടിയുംകോലും കിളികളിയും
എല്ലാതലമുറശീലുകളും പോയി
മറഞ്ഞഹോ നാട്ടുക്കൂട്ടം.

നല്ലതാം നാൾകളെ താരാട്ടുപാടും
നന്മതന്നായിര പൊൻകണങ്ങൾ
പോയി മറഞ്ഞൊരാ പൊന്നിൻകുടം
പൊയ്പോയ സ്വർണ്ണത്തിൻ ദുഃഖപാത്രം.

കമ്പ്യൂട്ടർ വിപ്ലവം വന്നണഞ്ഞു
മൊബൈലിൻ കൂ..കൂ..കൂജനവും

malankaralibrary.com

38

## ഗ്രാമഭംഗി

**സാം മുതുകുളം**

ശീഘ്രഗതിയിൽ സഞ്ചരിപ്പാൻ
മുന്തിയ കാറുകൾ വന്നുചേർന്നു.

പ്രായംതികഞ്ഞവർ പ്രാകൃതരായ്
അന്തിയുറങ്ങുവാൻ ശാലകളായ്
പാർക്കുവാൻ വയ്ക്കുന്ന കെട്ടിടങ്ങൾ
ബാദ്ധ്യതയേറ്റീടും കൊട്ടാരങ്ങൾ.

പുത്തൻ തലമുറ പണ്ടകശാല കൊ-
ണ്ടോരോ മായാജാലം തീർത്തീടുമ്പോൾ
പെട്ടുപോം നമ്മൾ കൂട്ടമായി-
ട്ടൊട്ടു ശാന്തിയും കൂട്ടരെ മേലിലില്ല.

പണ്ടുപുരാതനകാലംതൊട്ടേ
അഞ്ചലോട്ടക്കാരെ കാത്തിരുന്നു
പുത്രരയ്ക്കുന്ന കാശുകിട്ടാൻ
മിത്രരയ്ക്കുന്ന കത്തുകിട്ടാൻ.

ഇന്റർനെറ്റിന്റെ കാലം വന്നു
ഇത്രയും മാത്രയിലെല്ലാം കിട്ടാൻ
'ശരി'യെന്നുള്ള വാക്കുപോയി-
ട്ടെല്ലാം നമുക്കിന്ന് 'ഓക്കെ' യായി.

വസ്ത്രവും വേഷവും മാറിമാറി
പുത്തൻ വേഷങ്ങൾ മാത്രമായി
ഇണ്ടലറിഞ്ഞൊരാ കാലത്ത് നാമിട്ട
തുണ്ടുതുണി വീണ്ടും കണ്ഠത്തിലായ്.

മുന്നൂറ്പണ്ടങ്ങളിട്ടിടേണം
മുക്കുപണ്ടങ്ങളാകയില്ല
കള്ളനും ദുഷ്ടനും രാവുവിട്ട്
മാലപറിക്കുവാൻ റോഡിലായി.

അച്ഛനുമമ്മയും ഗൾഫിലായി
ആഹാരോം പണ്ടോം മെനഞ്ഞിടുന്നു.
അരുമയാം സന്താന പൈങ്കിളികൾ
നാട്ടിലെ പുകഴേറും പൂവാലന്മാർ.

malankaralibrary.com

39

# ഗ്രാമഭംഗി

**സാം മുതുകുളം**

'ഹഡ്രഡ് സിസി'യിൽ ചെത്തിടുന്നു
നാലഞ്ചു 'സിസി'കളെ കണ്ടിടുന്നു
സ്റ്റൈലുള്ള വേഷത്തിൽ പോയിടുന്നു
എല്ലാമവർക്കിന്നടിപൊളികൾ.

കേരത്തിൽ കേറുവാൻ കേശുവില്ല
കാശുകൊടുത്താലുമാശയില്ല
കൊത്തിക്കിളയ്ക്കുവാൻ കൊമ്പിലേറാൻ
ഇല്ല നമുക്കില്ല കോമളന്മാർ.

അന്തിമയങ്ങുന്ന നേരത്തോരല്പം
അന്തിയടിക്കണം മയങ്ങിടേണം
ധാത്രിയെ തല്ലുവാൻ പറ്റില്ലിപ്പോൾ
സ്ത്രീപീഢനത്തിനകത്തുള്ളിലാകും.

ചിരിയും ചിന്തയും വിട്ടൊഴിഞ്ഞു
മർദ്ദസമ്മർദ്ദം ബാക്കിയായി
ചിക്കനും മട്ടണും തിന്നുതിന്ന്
കഷ്ടത്തിലായി സജ്ജനങ്ങൾ.

വിറകിന്റെടുപ്പിലെ ജ്വാലപോയി
നാച്ച്വറൽ ഗ്യാസിന്റെ കാലമായി
വിറയ്ക്കുന്ന കയ്യും തടിയ്ക്കുന്ന മെയ്യു-
മെല്ലാം നമുക്കിന്ന് ഗ്യാസുതന്നു.

ഈശ്വരചിന്തുകൾ നാവിലെത്താൻ
ഇന്നു നമുക്കില്ല നേരമൊട്ടും
ഇന്നിന്റെ ചിന്തകൾ നാളെമാത്രം
നാളയതെല്ലാം കാഴ്ചമാത്രം.

malankaralibrary.com

സാം മുതുകുളം

# മുല്ലവല്ലി

കുഞ്ഞിളം കാറ്റിലിളകും വല്ലികളി-
ലൊളിവിതറി പുഞ്ചിരി പൊഴിക്കുന്ന പുഷ്പമേ!
മായാതെ മറയാതെ നിന്നീടുമോ
യെന്നാരാമ തൊടിയിലെ സൗഗന്ധികേ.

വെള്ളപ്രഭയാർന്നു വിരുന്നുവന്നു
ആകാശ താരകൾ പോലെ നിന്നു
മിഴിയിതൾ ചിമ്മാതെ നോക്കിനിന്നു
മനസ്സിൽ നീ പുലരൊളി തൂകിനിന്നു.

ചുറ്റിപ്പടർന്നങ്ങുയർന്നനിന്നമ്മതൻ
വല്ലിയുലുത്തിടും ചെറുപൈതലാ-
ഊഞ്ഞാലിലെന്നപോൽ ചൊല്ലിയാടി
വൻ മരമേറിയ വല്ലിതന്നിൽ.

പീഠമൊന്നങ്ങിട്ടിരുന്നെന്നോടാ-
കുട്ടികളെത്ര മേലാശ ചൊന്നു
സുരഭിലമാർന്നു വിടർന്നനിൻ മുട്ടുക-
ളെത്രയോ കാർകൂന്തൽ കെട്ടിലേറി.

ശലഭങ്ങളൊന്നായ് പറന്നിറങ്ങി
മത്തഭൃംഗങ്ങളോ മൂളിയാടി
കുരുവിയൊന്നോ കൊച്ചു കൂടുകൂട്ടി
കുഞ്ഞിളം കൂടോ കാറ്റിലാടി.

ഒടിച്ചൊരാ കൊമ്പിനാലടിച്ചു നിൻ
മെയ്യിലാ കുസൃതിക്കുരുന്നുകളെത്ര വട്ടം
അരുതെന്നു ചൊല്ലിപ്പറഞ്ഞുഞാനന്നേരം
എത്രമേൽ നിൻ മെയ് തലോടിനിന്നു.

വാടിത്തളർന്നനിൻ ദാഹം മറക്കാനാ-
കുംഭത്തിനൊരു കുംഭ ജലമൊഴിച്ചു
നന്ദി നീ ചൊല്ലി പുഷ്പങ്ങളെത്രമേൽ
പെയ്തിട്ടു സ്നേഹമായെൻ തലയിൽ.

വീണൊരാ കല്ലിലും ചൊരിയുന്ന സൗരഭ്യം
നിറയട്ടെ നിത്യമായ് നാടുനീളെ
വിരിയട്ടൊരായിരം വാസന കുസുമങ്ങ-
ളാരാമ ശ്രേഷ്ഠാ നീളെ നീളെ.

malankaralibrary.com

41
## ഗ്രാമഭംഗി
സാം മുതുകുളം

# ഗ്രാമഭംഗി

*ഭാഗം ഒന്ന്* (മകരക്കൊയ്ത്ത്)

പച്ചവിരിച്ച പൂമെത്തയായ് നീളെ
ആമോദ തിരകളാലമ്മാനമാടി
തങ്കവർണ്ണാർജ്ജിത നെന്മണി കതിരുകൾ
ചാഞ്ചാടിയാടീ മനോജ്ഞ നെല്പാടങ്ങൾ.

മുപ്പൂവിരിയുന്ന പാടത്തിനിക്കരെ
നിന്നൊന്നു നോക്കിയാലക്കരെക്കാഴ്ചയായ്
ചാഞ്ഞൊരു തെങ്ങിന്റെ ചന്തവും മാവിന്റെ
കൊമ്പുമാ ചേക്കേറും കിളികൾ തൻ മേളവും.

ആയിരം കർഷകരാമോദമോടിയാൽ
നട്ടൊരാ ഞാറിന്റെ പൊൻമണിമുത്തുകൾ
നിരയായ് നാരികൾ കൊയ്തെടുക്കുന്നു
കച്ചിമുറിക്കുന്നാ കൂട്ടർ കൈ വേലയാൽ.

ഖേദമോടയാ വരമ്പിലിരുന്നു കൊണ്ട-
മ്മേ വിളിച്ചു കരയുന്ന കുഞ്ഞുങ്ങൾ
മൂക്കുപിഴിഞ്ഞുതൻ പാലുകൊടുക്കു-
ന്നമ്മയിൻ നിർവൃതി സ്നേഹപ്പകർച്ചയും.

അരിവാൾ വായിന്റെ വായ്ത്തലകൂട്ടി
കെട്ടു മുറുക്കുന്നെളിയിൽത്തിരുകുന്നു
കറ്റയെടുക്കാൻ തലകുനിക്കുന്നൊരാ-
വീരൻ തലയിലാ വൻ ചുമടേറ്റുന്നു.

കൊയ്ത്തരിവാളിൻ മുഖം മിനുങ്ങുന്നു
കെട്ടേറി കർഷക ഗളം കുറുകുന്നു
പതിരില്ലാ നിറവിനാലറ നിറയുന്നു
പൂ നെല്ലാൽ പത്തായപ്പുരനിറയുന്നു.

വൈക്കോൽക്കുന്നു നിരക്കുന്നു നീളെ
പിറക്കുന്നുദിക്കിൽ തുറുവിന്റെ കാഴ്ചകൾ

malankaralibrary.com

## ഗ്രാമഭംഗി

### സാം മുതുകുളം

വർഷകാലാധി നിറയുന്നു നീളെ
മേയും കൂരകൾ പൊന്നോല തന്നാലെ.

കൊയ്ത്തു കഴിഞ്ഞാ പാടത്തു കുട്ടികൾ
പട്ടം പറത്തുന്നാമോദ കേളികൾ
മത്സരിച്ചോടിക്കളിക്കും കുട്ടികൾ-
ക്കൊപ്പം കാലികൾ മേയുന്ന പാടവും.

പയ്യിൻ മേലേയിരുന്നു കീടങ്ങളെ
കൊത്തിപ്പെറുക്കും കാക്കക്കറുമ്പിയും
കാലികൾക്കൊപ്പം മേഞ്ഞുനടക്കും
കൊറ്റികൾ സൗഹാർദ്ദ സുന്ദരക്കാഴ്ചയും.

കച്ചിതൻ കുറ്റികൾ തച്ചിടും വേലരും
അന്തിയ്ക്കു ചന്തയിൽ പോകും നാരികൾ
ചൊല്ലുന്നായിരം കാമ്യകഥകളും
ശാലീനസൗന്ദര്യം കൂട്ടുന്നീപാടങ്ങൾ.

ചാഞ്ചാടിയാടിക്കളിക്കുന്ന പ്രാണിയെ
ചാടിപ്പിടിക്കാൻ ശ്രമിക്കുന്ന മൈനകൾ;
വയൽ വരമ്പിൽ ചില പൊത്തിലായ് നെല്ല്-
വാരിയെടുക്കും വിരുതർ കിടാങ്ങളും.

ദൂരയാ ക്ഷേത്രാങ്കണത്തിൽ നിന്നെത്തു-
ന്നുത്സവ കേളി സ്വരമുഴക്കങ്ങളും
പറവരവിൻ സ്വരമാധുര്യമേറ്റും
കൊട്ടും കുരവയും കൊമ്പും കദനയും.

നേർച്ച പഴനിയിൽ പോകുന്നഭക്തർ
വീട്ടുവരവിൻ 'ഹരോഹര'മന്ത്രം
ചൊല്ലുന്നുച്ചത്തിൽ കുട്ടനും കൂട്ടരും
നെറ്റിയിൽ ഭസ്മക്കുറി വരയ്ക്കുന്നതും.

കൊറ്റികൾമേയും കൊയ്ത പാടത്തു കൈ-
ത്തോക്കുമായെത്തും വേടൻ-കണ്ടൻ മണി-
'ഠേ..ഠേ'സ്വരങ്ങളാൽ ദിക്കുണർത്തുമ്പോൾ
പയ്ക്കളും പ്രാക്കളുമോടിയൊളിപ്പതും.

ഒറ്റയടിപ്പാത നീളുന്നു ദൂരത്താ-
ചക്രവാളത്തിലങ്ങലിയുന്ന പോലവെ

malankaralibrary.com

43

## ഗ്രാമഭംഗി

### സാം മുതുകുളം

മണ്ണിട്ടുയർത്തിയാ വീഥിയിൻ മീതെ-
യുയരുന്നു ധൂളിയോ വൻമല പോലവെ.

ഇരമ്പിയിങ്ങെത്തും വൻമഴ പോലയാ
താറാവിൻ ചേലൊക്കും കൂട്ടവിളികളും
കൂട്ടം വിടാതെയിങ്ങെത്തുന്നിവർ കൂട്ടം
പറ്റം തെറ്റാതെയീപാടത്തു മേയുവാൻ.

കറ്റമുറിച്ചൊരാ പാടത്തങ്ങാകവെ
കൂട്ടമായ് താറാവിൻ കൂട്ടങ്ങളായ്
മുട്ടയിൻ പേരിലോ മേയുന്ന പാടത്ത-
ങ്ങെത്രയോ മുട്ടകൾ വീണുപൊന്തി.

'ർ,ർ'ധ്വനികളാലോടിക്കും വേലവ-
നോരോരോ കാളകൾ ചാട്ടവാർ തന്നാലെ
മണ്ടിക്കിടക്കും കാളയൊന്നിൻ പിന്നി-
ലിത്തിരി തീക്കൊള്ളി കാട്ടിയെണീപ്പിക്കും.

എള്ളിൻ മണികളെയെത്രയും നന്നായി
വീശിയെറിയും താതർ വഴക്കവും
എള്ളോളം പൊളിയില്ലാതുള്ളാലെ
ചൊല്ലും'നന്മയാർന്നീടണേയീക്കൊല്ലവും.'

ആളോളം പൊക്കത്തിലായിടുന്നെള്ളുകൾ
മുത്തുപഴുത്തുള്ള മൂപ്പു കൃഷിയിടം
കൊത്തുംകിളയുമായ് കുട്ടികളെത്തും
പയ്ക്കളിൻ പഞ്ഞമതൊന്നായകറ്റുവാൻ.

ശേഷമായൊന്നായ് ചേർന്നു കളിക്കും
കണ്ടുപിടിപ്പാൻ തമ്മിൽക്കളികളും
അന്തിയണഞ്ഞുള്ള നേരത്ത് മാത്രമേ
വീടണഞ്ഞീടാനാ കൂട്ടർ പോകൂ.

*ഭാഗം രണ്ട്*

അതിർത്തിയിൽ നിൽക്കുന്നൊരാഞ്ഞിലി-
ത്തടിയുടെ പേരിലങ്ങായിടും പോരുമുറുകുന്നു
തങ്ങളായ് നട്ടൊരാ വൃക്ഷമെന്നുള്ളത്
രണ്ട് പക്ഷങ്ങളും ചേർന്നുര ചെയ്യുന്നു.

malankaralibrary.com

44

# ഗ്രാമഭംഗി

**സാം മുതുകുളം**

കൊമ്പിലിരുന്നാ കിളിയിത്ര ചൊന്നു
'പണ്ടേതോ പറവ മുത്തച്ഛൻ കാഷ്ഠിച്ച
കുരുവൊരു വൻമരക്കൊമ്പായ് മാറിയി-
ട്ടുണ്ടായ പുകിലിത് കേൾക്കുന്നു കൂട്ടരെ;

ചെറുകിളി കാഷ്ഠത്തിനിത്ര പുകിലെങ്കിൽ
വൻ കരി പിണ്ഡത്തിനെത്രയോ വേലകൾ
ഒരു നീർ പോളപോലുയരുന്നീ ഭൂവി-
ലാറടി മണ്ണിലടിയുന്ന ജന്മങ്ങൾ.'

മേലേ കിങ്ങിണി പൊൻകുല പേറു-
ന്നടക്കാമരക്കൊമ്പിലേറും തായ്പിലാ-
ലടുത്തുള്ളോരാമരക്കൊമ്പിലേക്കാടി-
ക്കയറുന്നു ട്രിപ്പീസിലാടുന്ന പോലവെ.

വാങ്ങിയ കാശിന്റെ കാര്യങ്ങളെച്ചൊല്ലി
തല്ലിപ്പിരിയും ബന്ധുജനങ്ങളും
പൂജ്യം നേടിക്കൊണ്ടാവീട്ടിലെത്തും
കുട്ടന്മാർ കൊട്ടുകൊണ്ടോടുന്ന കാഴ്ചയും.

മാവിൻ ചുവട്ടിലായ് നിന്നാമാവിന്റെ
മണ്ടയിൽ കൊമ്പൊന്നെറിയുന്ന കുട്ടികൾ
മണ്ടിയിങ്ങെത്തും വീട്ടുകാർ തന്നൊച്ച
കേട്ടു കൊണ്ടോടും വിരുതർ കിടാങ്ങളും.

കുട്ടികളൊന്നായ് ചുമയ്ക്കും നേരത്താ-
മുണ്ടുയർത്തുന്നരാ വൈദ്യപ്രഭാവനും
ഒറ്റക്കാലിൽ നിന്നിരുന്നെണ്ണീക്കുന്നാ-
വട്ട് ചേട്ടന്റെ വേലത്തരങ്ങളും.

നിറകുല മാമ്പഴ ഭാരങ്ങൾ പേറും
ചാഞ്ഞൊരാ മാവിന്മേലേറുന്ന കുട്ടികൾ
നിരന്നിരുന്നു കൊണ്ടാന കളിക്കുന്നു
കൊമ്പുകുലുക്കിക്കളിച്ചിടുന്നു ചിലർ.

ചാഞ്ഞു കിടക്കും തെങ്ങിൻ മണ്ടയി-
ലോടിക്കയറിക്കളിക്കുന്ന കുട്ടികൾ,
കൈകൊട്ടിയാർക്കും കുഞ്ഞുമണിക്കുട്ട
നമ്മതൻ മാറിലടിച്ചുല്ലസിക്കുന്നു.

malankaralibrary.com

45

## ഗ്രാമഭംഗി

**സാം മുതുകുളം**

കൊമ്പിലിരുന്നു കൈ വിട്ടൊന്നു കാട്ടും
കുട്ടൻ കൈ തെറ്റി'പൊത്തോ'വീഴുന്നതും
'അയ്യോ'പറഞ്ഞൊന്നെടുത്തു കുടയുവാ-
നമ്മ നിലവിളിച്ചോടിയെത്തുന്നതും.

പൊക്കത്തിലേറാനാകാത്ത പൈതൽ
താഴെയിരുന്നു കൽ കൊത്തുകളിപ്പതും
പൊയ്പോയ കാലത്തിൻ വീരസ്യമോരോന്നും
ചൊല്ലിച്ചിരിക്കും വൃദ്ധജനങ്ങളും.

ആഞ്ഞൊന്നടിച്ചാ പന്തുകൊണ്ടയലത്തെ
മൺകുടം പൊട്ടിയുണ്ടാകുന്നൊരൊച്ചയും
ഒച്ചകേട്ടാക്ഷണേയെത്തും വീട്ടുകാ-
രുച്ചത്തിലച്ഛന്റെ പേർ വിളിക്കുന്നതും.

വടിയൊന്നെടുത്തു പിൻ ചെല്ലുന്ന താതനോ-
ടൊപ്പമങ്ങോടി കിളി കളിക്കുന്നതും
പാവം പറഞ്ഞമ്മയോടിയെത്തുന്നതും
പന്തങ്ങെടുത്തങ്ങൊളിച്ചു വയ്ക്കുന്നതും.

കട്ടുപറിച്ചാ കശുവണ്ടിയൊന്നിൻ
കാര്യത്തിൽ കലപില കൂട്ടുന്ന കുട്ടികൾ
ഞൊണ്ടിക്കളിക്കും കുട്ടികളെത്തട്ടി-
ശണ്ഠയുണ്ടാക്കും മല്ലർ വിദ്വാർകളും.

നീട്ടിക്കൂവി പാട്ടുപാടും കുയിലിൻ
കൂകൂസ്വരത്തെ പിൻ ചൊല്ലുന്ന കൂട്ടുകാർ
ആശാൻ പന്തുകളിക്കും വീരന്മാർ
കൂട്ടമായ് കൂട്ടയിടി നടത്തുന്നതും.

തലമുടി വെട്ടുവാൻ നൽകിയ കാശിന്
സിനിമ കണ്ടിങ്ങെത്തിടുന്നു ചിലർ
കുളക്കടെക്കാഴ്ചകൾ പമ്മിപ്പറയും
വീരന്മാർ തന്റെ മസാലക്കഥകളും.

സൈക്കിൾ മണിയൊച്ച കേട്ടുള്ള മാത്രയിൽ
'കാലൻ'വരുന്നെന്നു കരുതിയ വീട്ടുകാർ
വീട്ടിലുയർത്തും കൂട്ട നിലവിളി
പുത്രവരവിൻ കമ്പിയെന്നോതുന്നു.

malankaralibrary.com

# ഗ്രാമഭംഗി

**സാം മുതുകുളം**

ഓടിയൊളിച്ചോരയലത്തെ കാമുകർ
പേരിലങ്ങായിടും ശണ്ഠയുണ്ടാക്കലും
അപരൻ ചെയ്ത ദണ്ഡക്രിയങ്ങളെ
യെണ്ണിപ്പറയുന്നു മുന്നിലൊന്നായിടാൻ.

കുഴിക്കുളം തന്നിലെ ചേറ്റു മത്സ്യങ്ങളെ
ചേറോടെ വാരിയെറിയും കുട്ടികൾ
'കാരി'യൊന്നിൻ കുത്തു കൊണ്ടാക്കുട്ടന-
ങ്ങോടിയാക്കൈമേൽ മൂത്രമൊഴിപ്പതും.

പാളയിലേറും പൈതലിനൊന്നിനെ
പാള വലിച്ചു കളിക്കുന്ന ചേച്ചിയും
കുഞ്ഞു കവിതകളോരോന്നു ചൊല്ലി-
കുഞ്ഞിനെയമ്മ താരാട്ടു പാടുന്നതും.

'ഓ...യ്'വിളികളാലെത്തും മത്സ്യ-
ക്കാരനോടൊത്തുള്ള പേശലിൻ വിദ്യയും
പോരാ പറഞ്ഞിവർ കയ്യിട്ടു വാരുന്നു
പോയ്ക്കഴിഞ്ഞിട്ടോ ലാഭം ചൊന്നീടുന്നു.

വിരണ്ടാപ്പയ്യിൻ കയറു പിടിച്ചു കൊ-
ണ്ടോടുന്ന രാഘവൻ പയ്യെ വിളിക്കുന്നു
ചന്തയിൽ പോകുവാൻ നീട്ടിവിളിക്കുന്നോ-
രമ്മ പരിഭവം ചൊല്ലിപ്പറയുന്നു.

കെട്ടുമുറുക്കിൻ ശരണധ്വനികളാൽ
ദിക്കുണർന്നീടുന്നാ മഞ്ഞിൻ പുലരിയിൽ
'പ്രാർത്ഥന'ഗീതിയാലുണരും'സുനിത'യിൻ
പുത്തൻ പടത്തിൻ കൊട്ടുവാദ്യങ്ങളും.

ഗ്രാമീണ ഭംഗിതൻ ചേലെഴും കാഴ്ചക-
ളോരോന്നു വട്ടത്തിൽ കാണണമെങ്കിലാ-
വയലിന്നോരോ വശത്തും നടന്നു കൊ-
ണ്ടോരോരോ കാര്യം നിരീക്ഷിക്കതത്രമേൽ.

*ഭാഗം മൂന്ന്*

കുടമണി കിലുക്കിയിങ്ങെത്തുന്നു മെല്ലെ
വയലേല ചുറ്റിയ വണ്ടിയും കാളയും

malankaralibrary.com

47

# ഗ്രാമഭംഗി

**സാം മുതുകുളം**

തൂങ്ങും റാന്തലൊന്നാടുന്നു താഴെയായ്
കേൾക്കും കുളമ്പടിയൊച്ചയുച്ചത്തിലായ്.

താളത്തിലാടിക്കറങ്ങുന്ന ചക്രം
താരാട്ടുപാടിയുറക്കുന്ന പോലെ
ചാട്ടവാർ ശബ്ദമുതിർക്കുന്നിടയ്ക്കായ്
വായ്ത്താരി ചേലിൽ മുഴങ്ങുന്നുകൂടെ.

കിഴക്കൻ മലതാണ്ടിയെത്തുന്ന കൂട്ടർ
കപ്പയും,ചക്കയും,നേന്ത്രക്കുലയുമായ്
വീരന്മാരായിവർ വിൽക്കുന്നു ചന്തയി-
ലേറ്റും നെല്ലിൻ കെട്ടുകൾ ഭാണ്ഡമായ്.

ആകാശത്തമ്പിളിക്കല തെളിയുന്നു
പെരുമീനുദിച്ചങ്ങുയർന്നു നിൽക്കുന്നു
യെട്ടിലച്ചക്രം ചവിട്ടിക്കറക്കാന-
റയിഴക്കോലുകളാഴ്ത്തി വയ്ക്കുന്നു.

ഓളപ്പരപ്പിൽ ചാലുകീറുന്നു
നീണ്ടവരമ്പിൻ ഞരമ്പുയരുന്നു
വയലേല കാളയുഴുതു കീറുന്നു
ചേറ്റിൻ സുഗന്ധം വയൽ നിറയ്ക്കുന്നു.

നിലമുഴു കഴിഞ്ഞെത്തും കാളക-
ളൊന്നായ് കുളിക്കും നീണ്ടതാം ചാലുകൾ
കുട്ടികൾ കുത്തിമറിഞ്ഞീടുമാദിന-
കൂട്ടക്കളി വിളയാട്ടങ്ങൾക്കന്ത്യമായ്.

രാപകലെന്യേ പണിയും വേലന്മാ-
രൊന്നായെത്തും ക്ഷീണമകറ്റുവാൻ
മോന്തുവാൻ ചാലിലെ വെള്ളവും ചേർന്നുള്ള
കർഷകമിത്രമാം മദ്യവും മേമ്പൊടി.

അളന്നു കൊടുക്കും മദ്യത്തിനൊപ്പമാ-
ചാലിൻ ജലവും കൂട്ടിക്കലർത്തിടും
കുപ്പിയിൽത്തീരും മദ്യത്തിനൊപ്പമാ-
ചാലിലെ വെള്ളവും ചേർത്ത് കുഴിച്ചിടും.

അത്യാർത്തി പൂണ്ടിങ്ങെത്തും മദ്യപർ
ചാലിന്നരികെ തന്നെ ശയിക്കും

malankaralibrary.com

48

## ഗ്രാമഭംഗി

**സാം മുതുകുളം**

ആമാശയത്തിലാ കത്തലങ്ങേറുമ്പോ-
ളാരേലും താങ്ങി വീട്ടിലങ്ങെത്തിക്കും.

കാലുറക്കാതയായ് വീട്ടിലങ്ങെത്തും
കറുത്തവൻ കുഞ്ഞിൻ ചൊല്ലുകൾ കേട്ടാ-
ർത്തലച്ചുച്ചേ നിലവിളിച്ചീടുമാ-
കുഞ്ഞിയിൻ രോദനം നിത്യവും കേട്ടിടാം.

*ഭാഗം നാല്*

നാടിൻ നിറവിൽ പിറക്കുന്നു നീളെ
നന്മയൊട്ടെല്ലാം നിറയുന്ന ശീലുകൾ
ചൊൽക്കഥ പോലവ ചൊല്ലിത്തെളിയും
മായ്ക്കുവാനാകാ ഗ്രാമീണശീലങ്ങൾ.

സത്യമൊന്നോതുന്ന നേരത്തു പല്ലികൾ
സത്യത്തിനൊത്തങ്ങു നീട്ടിചിലപ്പതും
വെടിയൊച്ച കേട്ടുള്ള മാത്രയിൽ ചൊല്ലുവ-
തെല്ലാം സത്യമായ്ത്തീരുമെന്നുള്ളതും.

കലപിലയൊച്ചയാൽ പാറും കിളിയു-
ടൊച്ച കേട്ടന്നേരം നീട്ടിത്തുപ്പുന്നതും
'വരവോ വഴക്കോ,'പറഞ്ഞങ്ങൊഴിക്കും
കയ്യിലെ താലത്തിലുള്ളൊരാ വെള്ളവും.

മഴയൊഴിഞ്ഞിട്ടും ചിലക്കുന്ന പുള്ളിനോ-
ടിനിയും നിനക്ക് മതിയായില്ലേ ചൊൽവതും
വിരുന്നുവിളിക്കും കാകനോടെവിടുന്നു
വിരുന്നുവരുന്നെന്നു ചോദിച്ചിടുന്നതും.

ഇഷ്ടക്കണികണ്ടിറങ്ങാൻ തുനിഞ്ഞ-
നിഷ്ടർ വരുന്നത് കണ്ട് നിൽക്കുന്നതും
ആദിന മുണ്ടായനിഷ്ടത്തിൻ പേരിലാ
കണി കണ്ടയാളിനെ ചൊല്ലിപഴിപ്പതും.

ഓരോരോ പേർ ചൊല്ലി നോക്കുന്നു നിത്യം
കവടി നിരത്തലും, രാഹുവും കേതുവും
ചോറൂണ്, ചൊല്ല്, ഗൃഹപ്രവേശം
ചത്തിടാൻ തന്നെയും കാക്കുന്നു കാലങ്ങൾ.

malankaralibrary.com

49

## ഗ്രാമഭംഗി

**സാം മുതുകുളം**

തല്ലിപ്പിരിയുന്നൊരായിരം വേളിക്കും
താരപ്പൊരുത്തവും സത്ഗുണ ബന്ധവും
പിറക്കും പൈതൽ നൽഗുണമേതിനും
കാക്കും നല്ലൊരു നാൾ വന്നണയുവാൻ.

അയലത്ത് പോയിടും കൂട്ടരാമുറ്റത്ത്
കൂടെക്കുറുകെ പോയവൻ കുറ്റവും
അമ്പിളി മാമനെ വിട്ടിടാനൂഴിയിൽ
കവളംമടലിട്ടടിച്ചിടുന്നു ചിലർ.

തുള്ളിയുറയും ഭക്തന്റെ നാവിൽ
ശൂലമൊന്നങ്ങ് തള്ളി വയ്ക്കുന്നതും
ഭാവിയും ഭൂതവും ചൊല്ലുവാൻ തത്തയാൽ
ചീട്ടൊന്നെടുക്കും വീര കുറത്തിയും;

ചൊന്ന കഥകളെയുള്ളാലെ കണ്ടിട്ട-
ങ്ങായിരം തീർപ്പുകൾ കേൾക്കും വീട്ടുകാ-
രുള്ളൊരാ കാശിനും കടം കൊണ്ടെടുത്തും
നന്നായ് ഭജിപ്പൂ പട്ടിണി കോലായിൽ.

അരിഷ്ട ജനങ്ങടെ പട്ടിണിമാറ്റുവാൻ
ചിട്ടിയിൻ പേരിലെത്തീടുന്നു ചിലർ
'വട്ടം'പറഞ്ഞിവരിഷ്ട ജനങ്ങളെ
വട്ടം കറക്കിയീ നാടുവിട്ടീടുന്നു.

*ഭാഗം അഞ്ച്* (ഒട്ടികൾ)
കാതങ്ങൾ താണ്ടിയീ തീരത്തിലെത്തുന്നു
കെട്ടും ഭാണ്ഡമെടുത്തു കൈക്കുഞ്ഞുങ്ങ-
ളൊത്തിങ്ങു വന്നീടു-ന്നൊട്ടി- വിളിപ്പവ-
രൊക്കും നാട്ടിലങ്ങൊട്ടു പണിചെയ്യാൻ.

കള്ളമായ് കണ്ടുനാമിക്കൂട്ടർ വേലയെ
കൊള്ളാതെ തള്ളിയാ പാതവക്കിൽ
ചെമ്പൻ മുടിയും ജഡയുമായിക്കൂട്ടർ
നാടായ നാടെല്ലാമൂരു ചുറ്റും.

കെട്ടും മറയുമൊന്നില്ലാത്ത കൂട്ടര-
ങ്ങെത്രയോ നാടിൻ മനം കവർന്നു

malankaralibrary.com

## 50
# ഗ്രാമഭംഗി
### സാം മുതുകുളം

കെട്ടും മറയുമായ് വാഴും നാമോ
കേരളനാടിൻ മഹാരഥന്മാർ.

അഭ്യാസമെല്ലാം പഠിച്ചു കഴിഞ്ഞനാം
നോവറിയാതെ പെറാൻ തുടങ്ങി
അഭ്യാസം കാട്ടാനറിയാത്തതിങ്ങളോ
നൊന്തു പെറ്റീടുന്നു പാതവക്കിൽ.

പള്ളനിറയ്ക്കാനായ് തൊള്ളതുറക്കും
പിള്ളയിൻ വായിലാ പാൽ ചുരത്താൻ
കച്ചയഴിച്ചങ്ങുയർത്തും മാറിലെ
കൊങ്കങ്ങൾ മെല്ലവെ പാൽചുരത്തി.

അമ്മതന്നമ്മിഞ്ഞ പാൽ നുകരാത്താ-
പൈതലാ കൊതിയൂറും കാഴ്ചകണ്ടു
വടിവൊത്ത മേനിയുടയാതെ കാക്കാ-
നമ്മിഞ്ഞ നൽകാത്തതെത്രപാപം.

അമ്മേ വിളിച്ചു കരയും കുഞ്ഞുങ്ങൾ-
ക്കേകുന്നിവർ പയ്യിൻ ക്ഷീരങ്ങളെ
തൻ കുഞ്ഞിനായി ചുരത്തും ചോര-
യതൊന്നായൂറ്റുന്നിവർ കരങ്ങൾ.

കുട്ടിപ്പശുക്കളായ്മാറിയാകുട്ടികൾ
കന്നിനെപ്പോലെ കരഞ്ഞീടുന്നു
പുഞ്ചിരിതൂകാനറിയാതങ്ങായിടും
പയ്യിൻ വാത്സല്യ പാൽനുകർന്ന്.

നാളയാക്കുട്ടികളുല്ലസിച്ചീടുന്ന-
പരന്റെ കൈകാൽ വെട്ടിവീഴ്ത്തി
ചെയ്തോരപരാധ കുട്ടങ്ങളെച്ചൊല്ലി
വീമ്പിളക്കീടുന്നു കൂട്ടംകൂടി.

അമ്മ മുലപ്പാൽ കുടിച്ചവരാരേലും
പോരിന്നുറക്കെ വിളിച്ചീടുന്നെങ്കിലീ-
പേരിന്നുപോലും കുടിക്കാത്തിവൻ-
മാരെങ്ങനെ പോരിന്നിറങ്ങിച്ചെല്ലും.

നാടൊട്ടു തെണ്ടിക്കഴിയുന്ന കൂട്ടരും
നൽകും തൻ പാലുണ്ണികൾക്ക്

malankaralibrary.com

# ഗ്രാമഭംഗി

സാം മുതുകുളം

മേന്മനടിച്ചു നടക്കും നാരിക-
ളൊന്നായേകുന്നു കാലിനീര്.

*ഭാഗം ആറ്* (മീനക്കൃഷി)
പുത്തൻകൃഷി തുടങ്ങുന്ന വേളയിൽ
വരമ്പു വെട്ടീടുന്നൊട്ടു ചിലർ മറ്റ-
വയലിന്റെളവും ചേർത്തു വെട്ടീടും
വിരുതർ വഴക്കിൻ മാറ്റ് കൂട്ടീടും.

വെട്ടിവെട്ടി വരമ്പിൻമുകളിലോ-
പക്ഷിക്കുപോലുമിരിക്കാനിടമില്ലാ-
തക്കൂട്ടർ വീതി കുറച്ചുവെട്ടി
അപരൻ വയലും കയ്ക്കലാക്കീടുന്നു.

കട്ടതല്ലിക്കഴിഞ്ഞ പാടത്തു
കൂനകൂട്ടീടുന്ന കച്ചിയിൻ കുറ്റികൾ
തീകൂട്ടിയാഴിയിൽ നീക്കീടുമവയൊട്ടു
വളമായ് വരുംകാല കൃഷിക്കായിടാൻ.

ഒരു മഴയിരമ്പി വരുന്നതോർത്തു കൈ-
പുരികപ്പുറത്തൊന്നു വച്ചുനോക്കി-
യിരിക്കും വലന്മാർക്കാമോദമായി-
ട്ടിങ്ങെത്തും വൻമഴ പെരുമഴയായ്.

നാടുണർന്നീടുന്നാ മഴയൊന്നിനാ-
ലൊത്തിടുന്നേവരും വയൽ വരമ്പിൽ
നുകവും, കലപ്പയും, മരത്തടിയും
ഉത്സവരംഗം വയൽപ്പരപ്പിൽ.

കൃഷിപ്പണിക്കധികാരക്കൊതി പൂണ്ടകൂട്ടര-
ങ്ങൊന്നിച്ച് കൊടിമരമൊന്നു നാട്ടി
വേല ചെയ്യുന്നോർ കൊടിമരം നോക്കി-
വേലയതെല്ലാമൊതുക്ക വേണം.

കൊഴുപിടിച്ചു മണ്ണുകീറി വരിഞ്ഞൊരാ-
പൊഴിയിൻ വഴിയിൽ വിത്തുപാകി
മരത്തടി മേലേ വലിച്ചു നീക്കി
മണ്ണിൻ മടിയിൽ വിത്തുറങ്ങി.

malankaralibrary.com

52

## ഗ്രാമഭംഗി

**സാം മുതുകുളം**

മേലേ മുകുളമുയർന്നു പൊങ്ങി
നെന്മണിമെല്ലെ മിഴിതുറന്നു
നാടിൻ സൗന്ദര്യകാഴ്ചകാണ്മാൻ
മണ്ണിൻ മേലേ തല നീട്ടിനിന്നു.

ഇടചിക്കിക്കളകളെ നീക്കിനീക്കി
നന്നായ് വളം ചെയ്ത ഭൂമിയൊന്നായ്
നിറപറ വൻപറ കൊമ്പുകളായ്
ചേലാലെ വയലേല പൊൻകണിയായ്.

പുഴയിൽ പുളയ്ക്കും ചെറുമീൻ പരലുകൾ
പൊന്തയും, പുൽകളും, ചേറ്റുമത്സ്യങ്ങളും
ചേലോടെ മേലേ പാറിയകലും
വൻനിരക്കൂട്ട മിരണ്ടപ്പറവകൾ.

'കൊക്ക്, കൊക്ക്,' സ്വരത്തിന്നധിപരാം
കൊറ്റികൾ ചേരും ജലാശയക്കുണ്ടുകൾ
തത്തിക്കളിക്കും തവളക്കുരുന്നുകൾ
തഴക്കാട്, തലപൊക്കും നീർക്കോലികൾ.

കറുക, കയ്യോന്നി, കുമ്മാട്ടിപ്പുല്ലുകൾ
കുളങ്ങൾ, തോടുകൾ, ചെഞ്ചുള്ളിക്കാടുകൾ
പായലുൾതിങ്ങിയ നീർത്തടച്ചാലുകൾ
വരമ്പിൻ മേലേ നത്തക്കുരുന്നുകൾ.

തോട്ടിന്നിറമ്പിൽ പൂക്കുന്ന കൈതകൾ
നാട്ടിൽ നിറയ്ക്കും പൂക്കൾ വാസനം
പാലയുമെലിഞ്ഞിപ്പൂക്കളുമേകും
പ്രേമാർത്ഥ സൗഗന്ധസുന്ദരക്കനവുകൾ.

അഴകാലെ മഴവിൽ വർണ്ണങ്ങൾ തൂകുന്നു
പെരുമ്പറ, വൻമഴ ഘോഷമായെത്തുന്നു
ചൊരിയുന്നു പൂമഴ ചേലോടെ മണ്ണിൽ
പെരുവെള്ളം വയലേലയൊന്നായ് മുങ്ങുന്നു.

നിറകുട നെല്ലുകളീന്നു നിരക്കുന്നു
വയലേല പൊന്നിൻ നിറമായ് മാറുന്നു
തെങ്ങോല മേലേ ചിലക്കുന്നൊരാറ്റ-
ക്കുരുവികൾ തൂക്കിയ കൂടുകളാടുന്നു.

malankaralibrary.com

53

## ഗ്രാമഭംഗി

**സാം മുതുകുളം**

പുത്തൻ നറുമണം വയൽനിറയ്ക്കുന്നു
പൂഞ്ചോലയൊന്നായ് പൂക്കൾ നിരക്കുന്നു
വയലേല പൂക്കണി പൊന്നായ്ത്തിളങ്ങുന്നു
വയലിൻ നിറവിൽ കർഷകരാർക്കുന്നു.

നിറയരി തിങ്ങിയ നെല്ലുകൾ ചായുന്നു
കലപിലക്കൂട്ടമായ് തത്തകൾ മേയുന്നു
കർഷകരാധിയാൽ ദിക്കുകൾ മുട്ടുന്നു
വർഷകാലാധിയാൽ നെഞ്ചുപിടയുന്നു.

പണവും പാതിമണികൂടിച്ചെോൽകിലും
ഇല്ല വന്നില്ല നെല്ലു കൊയ്യാൻ
കർഷക ചോരയാൽ ചാഞ്ഞുവിളഞ്ഞവ
കൊയ്തെടുത്തീടുവാനാരുമില്ല.

കൊടിയൊന്നുനാട്ടി കൃഷിതടഞ്ഞവ-
രൊന്നുമേ ആവഴി പിന്നെ നടന്നില്ല
കറ്റയും കച്ചിയുമേറ്റുവാനാളില്ലാ-
തത്രയും കതിരുകൾ മണ്ണിനേകി.

ശേഷമായുള്ളവയെല്ലാമഗ്നിയാൽ
കൂട്ടദഹന ചുടലക്കളങ്ങളായ്
നന്നായ് കുടംകൊണ്ട നെന്മണികച്ചിക-
ളൊന്നായഗ്നിയിൽ ജ്വാലകളായ്.

നഷ്ടം സഹിക്കുവാനെത്ര നാളായിടു-
ന്നായിരം കർഷകരേറ്റുപാടി
നന്നായ് നിലനിന്നുപോന്നൊരാ പാടത്ത്
വേലകളൊന്നായ് നിന്നുപോയി!!

*ഭാഗം ഏഴ്* (കനാലുകൾ)
കൃഷിയാലെ കാശുപോയിട്ടൊട്ടു ചിലർ
കിട്ടിയ കാശിന്ന് വയലു വിറ്റു
ഗൾഫിലായുള്ള പുത്രന്റെ കാശുകൊ-
ണ്ടത്രയും വയലുകൾ വാങ്ങിടുന്നു ചിലർ.

വയലേല വേലകളെല്ലാം വെടിഞ്ഞവർ
ദണ്ണ്കണക്കിന്ന് മണ്ണ് വിറ്റു

malankaralibrary.com

# ഗ്രാമഭംഗി

**സാം മുതുകുളം**

എടുത്തൊരാ മണ്ണിൻ കൂമ്പാരമൊന്നാ-
യിട്ടിട്ട ചിറയിൽ തെങ്ങുനട്ടു.

പുത്തൻ ചിറകളിൽ പുത്തൻ കൂരക-
ളൊന്നായ് മുളച്ചഹോ കൂണുപോലെ
വേലകളൊന്നായൊഴിഞ്ഞാ ഭൂമിയിൽ
വെള്ളിടി പോലവൻ വന്നു ചേർന്നു.

പാലാഴിയാകും പറുദീസയാകുമീ-
നാടോ കാനാൻ ദേശമാകും
വറ്റാത്ത നീരിൻ സ്വർഗ്ഗമായ്ത്തീരും
'കനാലിൻ'കനിവൂറും വായ്മൊഴികൾ.

ആശയൊട്ടെല്ലാം നശിച്ചൊരാ കർഷക-
രാകാശക്കോട്ടകൾ കെട്ടിപ്പൊക്കി
ആശ്രയമാകുമെന്നു നിനച്ചിട്ടാ-
നാശ കനാലിലങ്ങാശ വച്ചു.

ഉണ്മയാം നീർത്തടച്ചാലു വറ്റി
നിറപറ വയലേല വയറുകീറി
പുളകിത പൂഞ്ചോലതന്ന മരങ്ങളെ
യെത്രമേൽ നാശകോടാലി വീഴ്ത്തി.

വറ്റാത്ത നീരിന്നുയിർകൊണ്ട നീയിന്ന്
വറ്റിക്കിടപ്പൂ ചോരയൂറ്റി
വാസുകിപോലെ നീ ചുറ്റിക്കിടപ്പൂ
ചീറ്റുന്നു നിത്യവും കാളകൂടം.

നിത്യകൃത്യ സഹായിയാം നീയിന്ന്
മാളങ്ങൾ പാമ്പിനാവാസനങ്ങൾ
നിത്യനിരാശതൻ പേരോ നിന്നുയി-
രുണ്ടായ തീ ഭൂവിൻ നാശത്തിനോ?

രമണീയ, സുന്ദര, ശീതള ഭൂമിയെ
തീരാ ശാപമായ് മാറ്റിയില്ലേ?
എന്നുനീ പോകുമെപ്പോൾ നീ പോകു-
മെന്നേലും പോരുമോ പൂർവ്വകാലം...?

malankaralibrary.com

55

ഗ്രാമഭംഗി

സാം മുതുകുളം

# പനിനീർ പുഷ്പം

ഏഴുന്ന കൊമ്പിൽ വിരുന്നു വന്നു
അരുണനുദിക്കും മുൻപേ
വിരിഞ്ഞു നിന്നൂ എന്നുദ്യാനെ
വിടർന്ന പുഞ്ചിരി തൂകി.
അരുണ പ്രഭയാൽ തെളിഞ്ഞവിണ്ണിൻ
താരകമൊന്നു കണക്കെ
ചമഞ്ഞു നിൽപ്പൂ ചെമന്നപുഷ്പം
നറുമണമേറ്റി ചേലിൽ.
ചാരുതയാർന്നു വിടർന്നാ സുന്ദരി
ശാലീനതയുടെ നിറവിൽ
മാടിവിളിപ്പൂ അരികത്തെന്നെ
കുഞ്ഞുദളങ്ങളിളക്കി.
തുമ്പികളെത്തി ചാരത്തൊന്നായ്
തമ്പുരുമീട്ടിമെല്ലെ
വീരപതംഗ മണഞ്ഞൂമെയ്യിൽ
വീര്യമതൊന്നായ് നുകരാൻ.
വശ്യതവർണ്ണത്തികവിൽ ഒരുനാൾ
വിരിഞ്ഞ നിന്നെ കാണാൻ
കൊതിച്ചു ഞാനും ഉണർന്നുവല്ലോ
നിന്നെ കണികണ്ടുണരാൻ.
മായാത്തുത്സവമാകും കണ്ണിൽ
തെളിഞ്ഞനിൻ മെയ് വർണ്ണം
വിടർത്തിടട്ടെ എന്നും മണ്ണിൽ
തെളിഞ്ഞൊരോണക്കാലം.
ദളങ്ങളോരോന്നുതിർത്തു മെല്ലെ
കൊഴിഞ്ഞുപോകും പൂവേ
വിരുന്നു വരുമോ ചേലിൽ വീണ്ടും
എന്നാരാമത്തൊടിയിൽ.
വശ്യസുഗന്ധം വഴിഞ്ഞപുഷ്പം
കൊഴിഞ്ഞകന്നതുപോലെ
പൊലിഞ്ഞീടുമോ എന്നുടെകാലോം
നല്ലൊരുഗന്ധം പേറി...?

malankaralibrary.com

# ചിത്രപതംഗം

വിരിയും വർണ്ണ പൂക്കൾകാൺമാൻ
പുഷ്പസുഗന്ധം നുകരാൻ

അരളിത്തൈകൾ നട്ടു എന്നുടെ
ആരാമത്തൊടി നടുവിൽ

മണ്ണിലുയർന്നാ ചെടികൾ മേലെ
ഹരിത ദലങ്ങളുയർന്നു

കൊമ്പിൻമേലേ കൊമ്പുകളാലവ
വർണ്ണാഭങ്ങളൊരുക്കി

ശീതളവനികളുണർത്തി ഭൂവിൽ
പൊൻപ്രഭയാർന്നവ നിൽക്കെ

ചിത്രപതംഗമണഞ്ഞു മെല്ലെ
ചെല്ലച്ചിറകുകൾ വീശി

വൻ നിറവോടെ ഒരു തളിരിലയിൽ
പൊൻതരി മുട്ടയതിട്ടു

മുട്ടവിരിഞ്ഞിട്ടിലകൾ തിന്നത്
പുഴുവായ് ചെടിയിലിഴഞ്ഞു

നീണ്ടദിനങ്ങളിഴഞ്ഞിട്ടേവം
ഇലയിൻ കീഴിലിരിക്കെ

പൊൻ മണിമുത്താം ശലഭപ്പുഴുവോ
സമാധി തന്നിലുറങ്ങി

പുഴുവായ് പച്ചില തിന്നാ ചെടിയുടെ
പൊന്നിൻ ഞാത്തായ് തൂങ്ങും

malankaralibrary.com

## 57

# ഗ്രാമഭംഗി

സാം മുതുകുളം

കാണാപൊന്നിൻ പൂമണി മുത്തേ
കൺമണി നിന്നെ കാൺമാൻ

കുട്ടികൾ കൂട്ടായെത്തി ചാര-
ത്തത്ഭുതമോടവർ നിന്നു.

'തങ്കത്തോട'എന്നവർ ചൊല്ലി
തഴുകി നിൻമെയ് വർണ്ണം

പൊൻപ്രഭയാർന്നു പറന്നുനടക്കാൻ
പൊന്നൊളി തൂകിപ്പാറാൻ,

സുന്ദരിമുത്തായ്, മഴവിൽവർണ്ണാൽ
മണ്ണിൻ നിറവിലിറങ്ങി

വിശാല വിഹായസുൾത്തുടികൊട്ടി
സ്വാഗതമോതിയവൾക്ക്

ആദിനമന്നത് പാറിനടന്നാ-
തൊടിയിലെ പൂമ്പൊടിതേടി

നിത്യനിരാമയനീശ്വര ശില്പി കൊത്തിയ
നിൻ മെയ് വർണ്ണം

മർത്ത്യാ നിൻകര മെത്ര പണിഞ്ഞാ-
ലിത്ര പദംഗമതാകും.

malankaralibrary.com

സാം മുതുകുളം

# നിലത്തെഴുത്ത്

അരുണനുദിച്ചു പൊൻ കിരണമിടുന്നേരം
അരികിലണച്ചിട്ടമ്മ മൊഴിഞ്ഞന്ന്
'ഇന്നെന്നുണ്ണിക്കക്ഷര മെഴുത്തല്ലോ
പൊന്നിനെ കൊണ്ടുഞാൻ പോകും ഗുരുകുലേ.'

ചേലെഴും ചേലയുടുത്ത് നിർത്തി
ചാരത്തിരുത്തിയുരുളയുരുട്ടവെ
ചൊല്ലിയാ പിഞ്ചുകുഞ്ഞിനോടായമ്മ
'നന്നായ് പഠിച്ചുമിടുക്കനാകൂ.'

ഇരുകരം ശിരസ്സിൽ വച്ചുമോദാൽ
ഈശ്വര കടാക്ഷം നിറഞ്ഞുവാഴാൻ
ആയുരാരോഗ്യം വചിച്ചുഹൃത്തിൽ
നെറുകയിൽ ചുംബന പൂക്കളേകി.

പോയ്‌വരട്ടെ ഞാനക്ഷരം പഠിപ്പാൻ
ചൊല്ലിയാ കൂട്ടരാം ചെത്തിച്ചെടിയോടും
ചേലോലു ഓലവാലൻ കിളിയോടും
തൊഴുത്തിലെ പൂവാലി പയ്യിൻ കിടാവോടും.

ഒക്കത്തിരുത്തിയിട്ടിടവഴി താണ്ടി-
യെത്തിയാ പൂഴിമുറ്റത്തെഴുത്തോലയായ്
തിണ്ണപ്പടിമേലിരുത്തിയിട്ടമ്മയോ
ചൊല്ലിയാ ഗുരുവിൻ പാദം വണങ്ങുവാൻ.

നൽകി ഞാൻ ദക്ഷിണ വെറ്റില പാക്കും
നാണയതുട്ടൊന്നു വച്ച് കൈ കൂപ്പിനാൻ
കരം പിടിച്ചെന്നെയിരുത്തിയാ കയ്യാൽ
മെനഞ്ഞ തഴയിൻ തടുക്കിൻ മുകളിലായ്.

ചേണുറ്റുയർന്നൊരാരാ പ്ലാവിൻ ചുവട്ടിൽ
ചേർന്നു വളരുന്നാ വൻ'മണിപ്ലാന്റിൻ'

malankaralibrary.com

## 59

# ഗ്രാമഭംഗി

### സാം മുതുകുളം

തണലിലിരുന്നുകൊണ്ടക്ഷരമാലകൾ
ചൊല്ലുന്നു കുട്ടികളുച്ച സ്വരത്തിലായ്.

മുൻവരി മൂന്നുപല്ലുകൾ പോയുള്ളാ-
മോന്ത പുളുത്തിക്കരഞ്ഞീടുന്നെന്നോടാ-
നാരായ വീര്യങ്ങൾ ചൊല്ലി ഭയമേറ്റവെ
വായ്പൊത്തിയിരുന്നുവോ ശ്വാസംവിടാതെയും.

ചെറുതളികയിലരിയിട്ടെഴുതിയെൻ
വലംകര ചൂണ്ടുവിരൽ നീട്ടിയെഴുതിയാ-
അറിവിന്നക്ഷയ ഭണ്ഡാരമാകുന്ന-
ക്ഷരമാലകൾ പൊൻ നറു മലരുകൾ.

ചമ്രംപിടഞ്ഞു ചമഞ്ഞിരുന്നെന്നുടെ
നാവിലാ തങ്കമോതിര വളയത്താൽ
വരച്ചെന്നാശാട്ടി അക്ഷരമാലകൾ
ചൊല്ലിയാൾ വിലസട്ടെ ശ്രീമഹാലക്ഷ്മിയും.

നമ്രമുഖമുയർത്തേയെൻ ചുണ്ടിൽ
വിരിയുന്നക്ഷരമാലയൊളി കാൺകവെ
വിസ്മയപൂർവ്വം നോക്കിയാ നല്ലമ്മ
കൊതിയോടെ, സുസ്മേര വദനങ്ങളോടവൾ.

നാളെയുമെത്തണമീദിനം പോലവെ
ചൊല്ലിയിട്ടാശാനാ നാരായമുനയതാൽ
കുറിച്ചെന്റെ ഓലയിൽ തൻ കരവിരുതിനാൽ
ഹരിഃ ശ്രീഃ ഗണപതയെ നമഃ ജപം.

■

malankaralibrary.com

# തേന്മാവ്

ആരോ നട്ടൊരാ മാങ്ങാണ്ടി മുളപൊട്ടി
വീരോടുയിർ പൂണ്ടാ ഭൂവിൽ വിലസവെ

ആരോരുമില്ലാ തുഴറുന്ന കാലത്താ-
ക്രൂശിതനേശുവിൻ ഭവനം വന്നു.

പുനരൈക്യ ശില്പിയാം പുണ്യപിതാവിന്റെ
പാതകൾ പുൽകിയുയർന്ന ദേവാലയം

കണ്ണൊന്നടച്ചു തുറന്നങ്ങണീറ്റപോൽ
വേഗേന മാറ്റങ്ങളായ ദേവാലയം.

ചേലെഴും ചുണ്ടൻ മാമ്പഴം പേറിയാ
രക്ഷകൻ ഗേഹത്തിൽ ഭാഗ്യമോടെ,

ഏദനിലെഹോവയാലുണ്ടായ സൃഷ്ടിപോൽ
കേവലം മാവുഞാൻ നിന്നാഭൂവിൽ.

ആപള്ളി മുറ്റത്ത് തണലായ് നിന്നയെൻ
കൊമ്പിന്മേൽ നക്ഷത്രമെത്ര തൂക്കി

പെരുന്നാളിനെത്രയോ പെരുമയാക്കിയെന്നെ
യോഗങ്ങളെത്രയോ കൂടിമുറ്റേ.

വെള്ളോട്ടു മണിയൊന്നു തൂക്കിയെൻ കൊമ്പിൽ
തലപൊക്കി നിന്നു ഞാൻ ഭാഗ്യമോടെ.

ദീർഘദൂരത്തിലാ മണിയൊച്ച കേൾപ്പാൻ
ദീർഘിച്ചു നിറുത്തിയെൻ കൊമ്പ് മേലെ

മണിക്കയറാട്ടിയടിക്കുന്ന നേരത്താ-
കരുണാമയനീശന്റെ കാര്യമോർത്ത്

കുരിശുവരച്ചു ഞാൻ കുമ്പിട്ടു ചൊല്ലിയെൻ
പാപങ്ങളീശാ പൊറുത്തിടണേ.

malankaralibrary.com

61

# ഗ്രാമഭംഗി

## സാം മുതുകുളം

ഒന്നാം മണിക്കു തുറക്കുന്ന പള്ളിയും
രണ്ടാം മണിക്കു തുടങ്ങുന്ന കൃംതയും

മൂന്നാം മണിക്കാ കത്തനാരെത്തി
കുർബാന ചൊല്ലുന്ന തെത്രയോ കണ്ടുഞാൻ.

മൂന്നാം മണിയൊച്ച കേട്ടിട്ടുമെത്താത്ത
കൂട്ടരെ കണ്ടുഞാൻ മുഖം മറച്ചു

എത്രനാൾ ചൊല്ലിയാലിക്കൂട്ടർ കേട്ടീടും
കർണ്ണത്തിലീയം ഉരുകി വീണോ?

വൈവാഹ കാഴ്ചകൾ, കാരുണ്യകാഴ്ചകൾ
ക്രിസ്തുവിൻ ജന്മ ദിവസങ്ങളും

കൂദാശ കർമ്മങ്ങൾ, സുവിശേഷ ഭാഗ്യങ്ങ-
ളേറ്റിയെൻ മനതാരിൽ പുണ്യകർമ്മം.

ദീർഘനിശ്വാസത്തോടെത്തിയ ജന്മങ്ങ-
ളാശ്വാസമോടെന്റെ ചാരെ നിന്നു

പരിശുദ്ധമെത്രാൻ തന്നെയുമെത്രയോ-
ആശ്വാസേ ചാരത്ത് ചാഞ്ഞിരുന്നു

തളരാതെ തണലായ് മേഘസ്തംഭംപോലെ
നിലനിന്നു പോന്നു ഞാൻ നീണ്ടകാലം

കാലങ്ങളെത്രമേൽ പോക്കി നിന്നു-നിൻ
പിതൃക്കളുമെത്രയോ പൂകിപുണ്യം

ഉയർച്ചകൾ താഴ്ചകൾ തർക്കങ്ങളെത്രമേൽ
തീരുന്ന തർക്കങ്ങളെത്രയെന്നോ, അതിൽ
തീരാതെ നീളുന്നതെത്രയെത്ര...

*ഭാഗം രണ്ട്*

ഒരു ദിനം കേട്ടുയെൻ ചങ്കുതകരുന്ന
വാർത്തയും ചൂടേറും ചർച്ചകളും,

'മാളികയൊന്ന് പണികഴിച്ച്
മാറ്റികെട്ടേണം മണിയഴിച്ച്

malankaralibrary.com

## 62
# ഗ്രാമഭംഗി
### സാം മുതുകുളം

കുറ്റം കൂടാതെ പണി കഴിക്കാം
കൂടൊരു കൊടിമര കൊമ്പൊരുക്കാം'

പൊതുയോഗറിയിപ്പ് വായിച്ചന്ന്
മുറ്റത്തെ മാവിനെ വെട്ടിമാറ്റാൻ

എന്നുടെ തായ്‌വേരറുത്ത് വീഴ്ത്താൻ
എന്നുടെ ഛായയിൽ കൂടിയോഗം.

'ദേവാലയ ദോഷമീ, മാവിന്റെ വേരുകൾ
ഇലകളീദേശത്തിൻ മാലിന്യങ്ങൾ'

മാറ്റാനാകാത്ത മാവിൻ ചുവടിനെ
വേരോടെ വെട്ടിമുറിച്ചു വീഴ്ത്താം

നിസ്സാരമിക്കാര്യം തീർപ്പിലാക്കാൻ
എന്തിത്ര യോഗങ്ങൾ പാഴ്‌വേലകൾ-

വീറെഴും വാശിയാൽ ചർച്ച നീണ്ടു
വീറുറ്റ വാക്കുകൾ ചേർന്നുകൊണ്ടു

ഏകഭാവത്തിലായ് തീർപ്പിലാക്കി
ലേലം വിളിക്കുവാൻ തീർച്ചയാക്കി.

ചൂടേറും പൊതുയോഗ തീർപ്പതിന്മേൽ
വീറോടെ തീർന്നാ കശാപ്പുയോഗം

അന്നുമുഴുങ്ങിയെൻ മരണമണി
തണലായ് നിന്നയെന്നന്ത്യ മണി.

*ഭാഗം മൂന്ന്*
എൻ ഫലമാങ്ങകൾ തിന്നുനിങ്ങൾ,
ലേലം വിളിച്ചു വിറ്റുനിങ്ങൾ

എത്രയോ നൽവെള്ളി ദിവസങ്ങളിൽ
ഭക്ഷണമായെൻ കായ്കനികൾ

തടുക്കില കൂട്ടങ്ങളെൻ തണലിൽ
എത്ര ദുഃഖക്കഞ്ഞി കുടിച്ചുതീർത്തു

എന്തിത്ര പാതക ചിന്ത തീർത്തു
കാഠിന്യം കാട്ടുവാനെന്തു ചെയ്തു?

malankaralibrary.com

## 63
# ഗ്രാമഭംഗി
**സാം മുതുകുളം**

കേവലം മാങ്കനി പോലെ നിങ്ങൾ
വെട്ടിപ്പിളർക്കാൻ തീർപ്പിലാക്കി?

ഒറ്റയായ് തീർന്നു ഞാൻ ആശയില്ലാ
താശ്വാസമേകുവാനാരുമില്ല...

അരുതെന്നു ചൊല്ലിപ്പറഞ്ഞു തടുക്കാ-
നീശ്വരാ, ആശ്രയമാരുമില്ല

ഒറ്റു കൊടുക്കപ്പെട്ടവന്റെ,
വേദന താതാ ഞാനറിഞ്ഞു.

നാലഞ്ചുമാസം കടന്നു പോയി
ഗോപുരം പാരിലുയർന്നു മുന്നിൽ

ഉച്ചിയിൽ കുരിശുമുയർന്നു നിന്നു
ഈശന്റെ ശബ്ദമുയർന്നു കേൾപ്പാൻ

ലേലം വിളിക്കുവാനാളു കൂടി
നാല്പതു വെള്ളിയിൻ മേലേയായി

തരങ്ങൾ തൻ തുകയേറിവന്നു
വണ്ണം പറഞ്ഞെന്റെ മെച്ചമോതി

കേവലമായിരം കാശിനല്ലോ
തീർപ്പാക്കിയെന്നെയും വെട്ടിമാറ്റാൻ

വിശ്വാസരാഹിത്യം കാട്ടുവാൻ നിങ്ങൾ-
ക്കിപ്പോഴും പൊൻപണകെട്ടുമതി.

ഒരുതരം രണ്ടുതരം മൂന്നുതരം
തരത്തിൻമേൽ വെട്ടുവാൻ വാക്കുചൊല്ലി

താങ്ങായ് തണലായ് നിന്നയെൻ നെഞ്ചിൽ
കോടാലി വെയ്ക്കുവാൻ തീർപ്പുകിട്ടി.

നീക്കിയെൻ നെഞ്ചിൽ ചാഞ്ഞുകിടന്നൊരാ-
വെള്ളോട്ടു മണിയും നാവും കൂടെ

കേശം മുറിച്ചോരാ ശിംശോനെ പോലെഞാൻ
നിന്നുപോയീശ്വരാ,കൊമ്പുതാഴ്ത്തി.

malankaralibrary.com

# ഗ്രാമഭംഗി

സാം മുതുകുളം

പള്ളിമുറ്റത്ത് നിന്നയെൻ നെഞ്ചിൽ
കോടാലി വേഗത്തിലാഞ്ഞുവീശി

ഓശാന പൂവിനാൽ മെത്തകൾ തീർത്തവർ
ചീന്തിയെറിഞ്ഞെന്റുടയാടകൾ

പള്ളിത്തണലായ് നിന്നയെൻ ശാഖിക-
ളോരോന്നു വെട്ടി വീഴ്ത്തിയവർ

ചിതറിത്തെറിച്ചുയെൻ ഭാഗങ്ങളോരോന്നും
ചീന്തിത്തെറിച്ച നിൻ മാംസംപോലെ

നിൻ നെഞ്ചിലാഴ്ത്തിയ ചവളപോലാ
വഞ്ചകർ വൻമഴുവാഞ്ഞു വീശി

രക്തമായെൻ കറ ചീറ്റിവീണു
ദ്വേഷികൾ കണ്ണിൽ വെളിച്ചമാകാൻ.

കൂടുകൂട്ടിക്കഴിഞ്ഞൊരാ തത്തകൾ
കൂട്ടമായ് ഭീതിയാൽ പാറിദൂരെ

വട്ടം പറന്ന പരുന്തുകൂട്ടം
വട്ടത്തിൽ ചുറ്റിയാകാഴ്ച കണ്ടു

കാകന്മാർ കൂട്ടമലച്ചു കേണു
കാലികൾ കൂട്ടം കരഞ്ഞുകൂടെ

കൂരയിന്മേലേ കൂറുകിയ പ്രാവുകൾ
കൂട്ടംവെടിഞ്ഞു പറന്നകന്നു

ദിനകരനഗ്നി കഠിനമാക്കി
തീജ്വല ഭൂവിൽ ചിതറിവീണു

ദിക്കിൻ ദീന വിലാപമോടെ
ദിക്കുകൾ ഞെട്ടും ശബ്ദമോടെ

മാറ് പിളർന്നു മറിഞ്ഞു വീണാ
മുത്തച്ഛൻ മാവിന്റെ തായ്ശിഖരം

വെട്ടിയറുത്തു വലിച്ചു നീക്കി
സ്വച്ഛമായ് നിന്നൊരാ ജീവവൃക്ഷം.

malankaralibrary.com

## 65

# ഗ്രാമഭംഗി

**സാം മുതുകുളം**

*ഭാഗം നാല്*

നവയുഗ പിറവിയിൽ വന്ന വർഗ്ഗം
വരുംകാല ഭീതികളെത്രയോർക്കാൻ

ഭൂലോകനായകൻ കാട്ടിയ സ്നേഹത്തെ
മാലോകരെന്തേ പുണർന്നിടാത്തു

നട്ടുനിറുത്തു ഒരായിരം ശാഖികൾ
വരും കാലം വരളാതെ നീണ്ടുനിൽക്കാൻ

തലമുറ തളരാതുയർന്നുയരട്ടവ
തണൽ മരമാകാൻ വളർന്നിടട്ടെ.

ആത്മാവിപ്പോഴും കേഴുന്നു നിങ്ങൾക്കായ്
ചെയ്തവയൊക്കെ ക്ഷമിക്കയീശാ

അറിയാത്തിവരോട് ക്ഷമിപ്പാൻ നീ ചൊന്ന
വാക്കുകളെത്രയോ ശ്രേഷ്ഠമീശാ.

■

malankaralibrary.com

66
ഗ്രാമഭംഗി
സാം മുതുകുളം

# കണിക്കൊന്ന

മഞ്ഞണി മലയടിവാരത്ത് പണ്ടൊരു
കൊന്നക്കണിമര കൊമ്പുയർന്നു

വെയിലത്തും മഴയത്തും മഞ്ഞത്തും കാറ്റത്തും
കണിക്കൊന്ന മേലേയുയർന്നു നിന്നു

നാളേറെയായപ്പോൾ മേടമണഞ്ഞപ്പോൾ
കൊന്നക്കണിമരം പൂത്തുലഞ്ഞു

ചേലോടെ വാനിൽ ചലിച്ചു നിന്നു
ചേലോലും പൂങ്കുല തങ്കക്കുല

പൊന്നൊരുക്കി ചാഞ്ഞുനിൽക്കുന്ന പൂങ്കുല
പാതവക്കിൽ വിഷുക്കണിയൊരുക്കി.

കണികാണാൻ കണിക്കൊന്ന കതിർമണികൾ
കണിക്കൊന്ന പൂത്തല്ലോ പൂ വിടർത്തി

വാരൊളി വിതറിയ പൂവിൻ കതിരൊളി
മാനവർക്കാമോദമേകി നിന്നു

മഞ്ഞപ്പട്ടു ചേലകൾ ചുറ്റിയ
പെണ്ണിനെപ്പോലെയൊരുങ്ങി നിന്നു

വാനിൽ വിരിഞ്ഞു തെളിഞ്ഞുനിന്നു
വരുംകാലഭാഗ്യങ്ങൾ ചൊല്ലിനിന്നു.

കുട്ടനും കണികണ്ടുണരുവാൻ കൂട്ടർക്കും
കൊന്നപ്പൂവിൻ കുലയൊന്നു വേണം

വിഷുവിൻ വിശേഷങ്ങളെല്ലാം ചൊല്ലുവാൻ
കൊന്നപ്പൂവിൻ കുല തന്നെ വേണം.

malankaralibrary.com

# അമ്മൂമ്മ

തല്ലുവാനോങ്ങും താതന്റെ കൈകളിൽ
തട്ടിത്തലോടുന്നെന്റമ്മൂമ്മ-എന്നെ (2)
താരാട്ടുപാടി താളം പിടിക്കും
എൻ മണിക്കുട്ടിയാം അമ്മൂമ്മ.

ഊഞ്ഞാലാട്ടുവാനുമ്മ നൽകാൻ
പിച്ചവെച്ചത്തുന്നൊരമ്മൂമ്മ
ഉച്ചയുറക്കത്തിൻ വിസ്മൃതിയിൽ
കൂർക്കം വലിക്കുന്നൊരമ്മൂമ്മ.

പുനെല്ലുകുത്തി പുഞ്ചിരിതൂകി
പായസമൂട്ടുന്നൊരമ്മൂമ്മ
ഒക്കത്തിരുത്തിയിട്ടമ്പിളിമാമന്റെ
ചിന്തുകൾ ചൊല്ലുന്നൊരമ്മൂമ്മ.

ചാഞ്ഞുകിടക്കുന്ന ചക്കരമാവിന്റെ
കൊമ്പത്തിരുത്തുന്നൊരമ്മൂമ്മ
മുല്ലപ്പൂമാലകൾ കോർത്തുനൽകാൻ
ചാരത്തിരിക്കുന്നൊരമ്മൂമ്മ.

അന്തിയണഞ്ഞിടും നേരത്തുകൈകൂപ്പി
നാമം ജപിക്കുന്നൊരമ്മൂമ്മ
ഓണമണയുമ്പോൾ കോടിനൽകാൻ
ഓമനിച്ചെത്തുന്നൊരമ്മൂമ്മ.

** ** ** ** **

കാലങ്ങളൊക്കയും പോയ്മറഞ്ഞു
കാലാന്തരത്തിൻ കയ്പ്പറിഞ്ഞു
നേരുന്നൊരായിരമശ്രുപൂക്കൾ
പൂജ്യപിതൃക്കളെ ഓർത്തിടുമ്പോൾ.

■

malankaralibrary.com

68

ഗ്രാമഭംഗി

സാം മുതുകുളം

# മദ്യവിശേഷം

പകലന്തിയോളം പണിചെയ്യും മർത്ത്യർ
പാണിയ്ക്കു പണിയാക്കും മദ്യം
പണമുള്ളോർ തൻകാര്യം നേടിയെടുക്കാ-
നാശയമാക്കുന്ന മദ്യം.
പണ്ഢിതർ തൻ സഭ വിട്ടുചെന്നീടുമ്പോൾ
പാരിൻ പൊരുളാകും മദ്യം
പാമരർ തൻ സ്നേഹബന്ധങ്ങളാകയും
പൊട്ടാതെ കാക്കുന്ന മദ്യം.
ചെമന്നു കലങ്ങിയ കണ്ണുകൾ കാണുമ്പോ-
ളുപ്പന്റെ കൺപോലെ തോന്നിപ്പോകും
ഈയാംപാറ്റകൾ ചത്തുമലച്ചീടും
മൂഷികവീരനും മുങ്ങിച്ചാകും.
പഞ്ചാരയല്ലീ ശർക്കര തന്നെയും
പൊന്നാക്കീടുന്ന കോടയാണെ
കാടിളകീടുമ്പോൾ നാടുമുടിയ്ക്കുന്ന
കാടൻമാരുടെ കോടയാണെ.
കാഴ്ച മറച്ചിട്ടാഴ്ചേകിടന്നിടും
വീഴ്ചയിൽ കാര്യങ്ങാളാകെ നടത്തിടും
അണലിയും പാമ്പായും അന്തികേമേഞ്ഞിടും
അച്ഛനും കൊച്ചനുമൊന്നിച്ച് പോയിടും.
മൺപാത്രങ്ങൾ തട്ടിമറിച്ചിട്ടച്ചിയെ
തച്ചുവാൻ കച്ചകെട്ടീടും
പച്ചമടലിന്മേലുച്ചയുറങ്ങീടും
സ്വച്ഛമായ് പിന്നെയാ'വാളു'വയ്ക്കും
മുങ്ങാം കുഴിയിട്ട് മുങ്ങുന്ന പോലെയാ.
മുണ്ടിന്മേലുള്ള പിടിവിട്ടീടും
രണ്ടാമതൊന്നുണ്ട് താഴയെന്നോർത്തിട്ട്
പണ്ടാരക്കാലിന്മേൽ പിച്ചവയ്ക്കും
സ്വസ്ഥരായ്മേവീടും പൗരരിലൊക്കെയും
അസ്വസ്ഥരായേകീടും പച്ചത്തെറി
പച്ചമരത്തിന്റെ കൊമ്പുകൊണ്ടല്ലാതെ
മെച്ചമാകില്ലയീ വിഢിച്ചിരി.

■

malankaralibrary.com

൬൯

ഗ്രാമഭംഗി

സാം മുതുകുളം

# പൂമ്പാറ്റ

കുട്ടന്റെ മുറ്റത്തെ പൂവാടിയിൽ
ആയിരം പുഷ്പങ്ങൾ പുഞ്ചിരിച്ചു
കുട്ടന്റെ കൂട്ടുകാർ കൂട്ടമായി
പൂക്കളിറുക്കുവാൻ വന്നുചേർന്നു.

തൊടിയിലെ ചാഞ്ഞ മരങ്ങളിലും
ചേണുറ്റ മാവിൻ മരക്കൊമ്പിലും
ആടിക്കളിക്കുന്ന കൂട്ടരൊപ്പം
പൂമ്പാറ്റക്കുഞ്ഞും പാറിവന്നു.

ചേലെഴും പൂക്കളെ മാറിമാറി
പൂമ്പാറ്റക്കുട്ടൻ മുത്തമിട്ടു
സമാധിയിൽ കണ്ടപൊൻകിനാക്കൾ
പൂമ്പൊടികൾക്ക് പകരമേകി.

കാറ്റിലിളകുന്ന പൂക്കളിന്മേൽ
ഊയലാടുന്നൊരാ പൂമ്പാറ്റ
തൻതേൻ നുകർന്നാപൂമ്പാറ്റയെ
പൂക്കൾ ഊഞ്ഞാലാട്ടുന്നതോ?

കുട്ടികളോടിക്കളിക്കുന്ന മുറ്റ-
ത്തായിരം പൂമ്പാറ്റയിന്നുമെത്തും
ചാഞ്ചാടിയാടിക്കളിക്കുന്ന കൂട്ടരോ-
ടൊപ്പമായെന്നും പാറിയാർക്കും.

ചിങ്ങനിറവിന്റെ പൊൻവെളിച്ചം
കണ്ടുനിറയുന്ന കുട്ടനിന്നും
ആയിരം പൂമ്പാറ്റ പാറിയാലും
ഇല്ല വരില്ല മതിവരില്ല.

■

malankaralibrary.com

# പ്രിയ തത്തേ

നെൽക്കതിർ കൊയ്യുവാൻ പാടവരമ്പത്ത്
പാറിനടക്കുമെന്നോമൽതത്തേ
നാഴിയരിമണി കൊത്തിപ്പറക്കുമ്പോൾ
പുന്നാരച്ചിറകിന്മേലേറ്റീടാമോ?

ഏലേലംകാട്ടിലെ പുന്നതൻ പോട്ടിൽ
കൂടുകൂട്ടീടുമ്പോൾ ചൊന്നീടാമോ?
ഗളംതന്നിലുള്ളതാം ചെന്താർവരയത്
കൈവളയായെനിക്കേകിടാമോ?

വീട്ടിന്നരികിലെ ആത്തമരക്കൊമ്പിൽ
നന്നായ് മൂത്ത പഴങ്ങളുണ്ട്
പച്ചപ്പയർമണി വേറെയും നൽകിടാം
കുട്ടരോടൊപ്പം നീ പോന്നിടണം.

കൂടണഞ്ഞീടുമ്പോൾ കൂട്ടരോടൊക്കയും
ഒന്നായ് വിശേഷങ്ങൾ ചൊൽകവേണം
കൊതിയൂറും നിൻമൊഴികേൾക്കുമ്പോളോർക്കും
എൻ പ്രിയ തുഞ്ചത്തെഴുത്തച്ഛനെ.

■

malankaralibrary.com

71

ഗ്രാമഭംഗി

സാം മുതുകുളം

# ചന്ദമാമ

വൻപരപ്പുള്ളതാമമ്പരത്തിൽ
പൊന്തിപ്പറക്കുന്ന ചന്ദമാമ.
വൻപാർന്ന നിന്മുഖ ചന്തത്തിനിന്നെത്ര
ചന്തമെന്നോതണം ചന്ദമാമ.

അൻപാർന്ന പുത്രർക്ക് ചെപ്പുകളിപ്പാൻ
പൊൻപ്രഭ തൂകുന്ന പൊൻപാത്രമേ
നിത്യവുമെത്തണം പാർക്കണമെൻഗേഹെ
തങ്കപ്രഭതൂകി കാത്തിടേണം.

എത്ര ദിനങ്ങൾ കാത്തുനിന്നെ
എന്തെന്തുകള്ളങ്ങൾ ചൊല്ലിയെന്നോ?
വെള്ളം കുടിപ്പാനായ് പോയിട്ടന്ന്
മക്കളെക്കാണുവാൻ യാത്രയായി.

സ്വർണ്ണരഥമേറി സഞ്ചരിക്കേ
സ്വസ്ഥതയോടങ്ങുറങ്ങിപ്പോയി
മറ്റൊരുനാട്ടിലെ കൂട്ടുകാർക്ക്
പൊൻപ്രഭതൂകുവാൻ യാത്രയായി.

ശുണ്ഠിയെടുക്കുമെൻ കുട്ടികൾക്ക്
ശണ്ഠയകറ്റുവാൻ നീ മാത്രമേ
ഓരോരോ നിൻകാര്യം ചൊല്ലിയിട്ടെൻ
പുന്നാര കൂട്ടരെ പോറ്റീടുന്നു.

ഓണക്കോടിയൊന്നെടുത്തു വച്ചു
അൻപാർന്ന മെയ്യിൽചൂടിക്കുവാൻ
മുറ്റമൊഴിയുമ്പോളൊറ്റയ്ക്കിരിക്കുമ്പോൾ
ചൊല്ലാതെപോകല്ലെ ചന്ദമാമ.

malankaralibrary.com

# വിഷു

**കാർഷിക ഭൂമിയായ് വാഴുമീകേരള-**
**കർഷക പുലരിയായ് മേടമെത്തി.**

സമൃദ്ധിയിൻ ഗീതുകൾ ചൊല്ലും വിഷുപ്പക്ഷി
വിത്തും കൈക്കോട്ടും പാടിയാർത്തു.

പഴങ്ങളും പുതുപുത്തൻ നാമ്പുകളും
പൂത്താലമേന്തുന്ന പൊൻമരങ്ങൾ

ചുറ്റിയടിക്കുന്ന മേടക്കാറ്റും
മലയാള മണ്ണിന്റെ സൗഭഗങ്ങൾ.

വെള്ളോട്ടുരുളിയിന്നുള്ളിൽ ഫലങ്ങൾ
വെറ്റിലപ്പാക്കും നിലവിളക്കും

വെള്ളരി, വെള്ളി, കസവുമുണ്ടും, തങ്കം
കണ്ണാടി, കണ്ണൻ, പൂങ്കുലകൾ

കൈനീട്ടനേട്ടമായ് കൂട്ടമായ് കുട്ടികൾ
സൗഹാർദ്ദ പൊൻകണി വെട്ടമാർന്നു

നന്മയാർന്നീടട്ടെ വത്സരമുടനീളം
കൊന്നപ്പൂവിൻകുല വർണ്ണംപോലെ.

■

malankaralibrary.com

73

## ഗ്രാമഭംഗി

### സാം മുതുകുളം

# കുഞ്ഞുമാലാഖമാർ

ഉച്ചത്തിലേങ്ങും പൈതൽ കരച്ചിൽ കേട്ടു-
ച്ചയ്ക്കു റോഡിലിറങ്ങിയിട്ടൊട്ടു കഴിഞ്ഞില്ല ദൂരെയതാ
മലിനവസ്തുക്കൾ, പാഴ്ച്ചെടികളെല്ലാം കൂടി-
ക്കിടക്കുന്ന ദിക്കിൽ പട്ടികൾ കൂട്ടമായ് കടികൂട്ടീടുന്നു.

"ആരോ ഉപേക്ഷിച്ച കുട്ടിയിതാ,"
ആരോ നിലവിളിച്ചോടിച്ചെന്നു.
ഓടിയാ പൈതൽ ദേഹംമെല്ലെ
ഇരുകയ്യാലോമനിച്ചമ്മ കേണു
"അയ്യോ ഈ പൂപൈതലെന്തുചെയ്തു
മർത്ത്യഹൃത്തുക്കൾ-
കല്ലുകളോ, അതോ കല്ലായ് മാറിയ കാരിരുമ്പോ?"

അൻപോടെ വാരി പുണർന്നൊരാ കുട്ടന്റെ
ദേഹത്തെറുമ്പുകൾ തൂത്തുമാറ്റി
അൻപുള്ള വസ്ത്രം വാരിപ്പിടിച്ചെന്ന-
മ്പോറ്റിക്കുട്ടാ തണുക്കരുതേ
സർവ്വ ദൈവങ്ങളും സാക്ഷിയായി
സർവൈശ്വര്യങ്ങളുംനേർന്നുനൽകി
പുത്രദുഃഖത്താൽ കേണങ്ങൾ
പുത്രകാമേഷ്ഠികളെത്രയേകി?

പുഞ്ചിരി തൂകിക്കൊണ്ടമ്പരേ മേവുന്നമ്പിളിമാമന്റെ
പൂർണ്ണനാണോ?
ആയിരമംശുവാൽ ഭൂലോകം കാക്കും
പൂർണ്ണപ്രകാശമാമർക്കനാണോ?
താരങ്ങൾ മേവീടുന്നമ്പരസീമയിൽ
താരങ്ങൾതന്നുടെ മുൻപനാണോ?
പൂവാടിതന്നിൽനിന്നിങ്ങേ വിലസും
പൂക്കളിൽ രാജനാം താമരയോ?

malankaralibrary.com

## 74
## ഗ്രാമഭംഗി
**സാം മുതുകുളം**

**രണ്ട്:**

കുട്ടിക്കളിയില്ല, കുട്ടൻ ചിരിച്ചില്ല, വാണൊരാവീടിന്റെ-
മുറ്റത്തൂടാക്കുട്ടൻ ചാടിക്കളിച്ചു നാൾകഴിച്ചു.
നാളുകഴിഞ്ഞില്ല-
നാട്ടാരറിഞ്ഞില്ല പാവമാകൂട്ടുകാർപോലുമറിഞ്ഞില്ല
ദൈവീകദാനസന്താനമൊന്ന് നേരായ്
വരുന്നുണ്ടാഗൃഹത്തിലെന്ന്.

നന്നായ് നിനച്ചൊരാ മർത്ത്യർതൻ പ്രാർത്ഥന കേട്ടോനാ-
മീശ്വരൻ ചെകിടനല്ല, നന്നായ് നേദിച്ച നേർച്ചപോലെ
ഒന്നായ് വളർന്നീടാൻ കൂട്ടിന്നായി വേറൊരുകു
ട്ടനെക്കൂടിനൽകി.
നന്നായ് വളരുന്ന കൂട്ടർക്കെന്നുമീശ്വരൻ തൻ
സ്നേഹം നൽകീടുന്നു-
അവ നന്നായ് തന്നെയും നൽകീടുന്നു.

അല്പമാത്രയിൽ തോന്നീടുന്നൊരനുരാഗ
കോപ്രായ കേളിയിങ്ക-
ലനേകായിരങ്ങൾ പിറന്നീടുന്നനർത്ഥമീ
ലോകത്തെ പുൽകീടുവാൻ.
ഗർഭേനശിപ്പിപ്പാൻ തോന്നിയിട്ടും ഭ്രൂ-ഗർഭേ
മൂടുവാൻ നോക്കിയിട്ടും
ആനന്ദൻ തന്നുടെയാനന്ദത്താലാമോദമോടെ
വസിച്ചിടുന്നു.

**മൂന്ന്:**

ആദ്യാക്ഷരങ്ങൾ പഠിച്ചീടാനക്കൂട്ടർ
പുണ്യമേറുന്നൊരാശാലപൂകി
അറിവിന്നായ് ചൊല്ലേണ്ടയക്ഷരങ്ങൾ
അൻപോടായവർ ചേർന്നുചൊല്ലി
ആർത്തിയോടായവർ ചൊല്ലുന്നതെല്ലാമാകാശ
താരകൾ നോക്കിനിന്നു
അമർത്ത്യരായ്മേവാൻ നന്നായ് പഠിക്കേണ
മായവയെല്ലാമോർത്തിടണം.

malankaralibrary.com

75

# ഗ്രാമഭംഗി

**സാം മുതുകുളം**

ശീലുകളാകവെ ചൊല്ലിപഠിച്ചാ കുട്ടന്മാ-
രൊന്നായ് സ്ക്കൂളിൽചേർന്നു
കൂട്ടരോടൊത്തുള്ള വേലകളോരോന്നും ചൊന്നീടും
വൈകിയ വേളകളിൽ
കിട്ടുണ്ണിയെന്നും, കുഞ്ഞുണ്ണിയെന്നും, മാത്തനെന്നും
കുഞ്ഞുപോത്തനെന്നും
ചൊല്ലിയവരെ വിളിച്ചിട്ടേവം കയ്യിലെ
മാധുര്യമെല്ലാമേകും.

അന്തികേ ചേർന്നിട്ടക്ഷണേ ചോദിക്കുമർക്കൻ
പ്രഭയെന്തേ വന്നിടാത്തു?
രാത്രിയുയർന്നീടും പക്ഷികൾ രോദനമർക്കന്റെ
കൂർക്കസ്വരങ്ങളാണോ?
അമ്പിളിമാമന്റെ കൊമ്പുകളെങ്ങനെ പൂവാലിപയ്യിന്റെ
കൊമ്പുപോലായ്?
മിന്നാമിന്നുകൾ മിന്നിത്തെളിയുമ്പോൾ
കാട്ടുതീയാകാത്തതെന്തന്റമ്മേ?

മഴപെയ്യുമ്പോഴും കാറ്റൂതുമ്പോഴും ചൊല്ലണം
കാര്യങ്ങൾ നൂറുകൂട്ടം
ഇടിയും മിന്നലും കേട്ടിട്ടേവം അൻപോടെ
ചൊന്നീടും കാര്യമെന്തേ?
സൂത്രത്തിൽ സൂചന ചൊന്നാൽ പോരാ
കാരണംതന്നെയുമോതിടേണം.
പിന്നെയുമായിരം കാര്യംചൊല്ലുമൊക്കെ
കറക്കുന്ന കാര്യംതന്നെ.

പച്ചപ്പുൽച്ചാടിതൻ പാട്ടുപാടും, ദേശീയ
ഗാനത്തിന്നീരടികൾ
ഉച്ചത്തിൽ പാടീടുമീശ്വരഗാനങ്ങളെല്ലാം
ചൊല്ലീടും തൻ തരംപോൽ
ഓണമണയുമ്പോളോടീടും തോട്ടത്തിൽ നാലഞ്ചു
കൈക്കുമ്പിൾ പൂവിറുക്കാൻ
അവിടവിടാകവെ കൂട്ടീട്ട് ചൊന്നീടും
ഓണത്തിൻ പൂക്കളമാണന്റമ്മേ.

malankaralibrary.com

76

# ഗ്രാമഭംഗി

**സാം മുതുകുളം**

ഇരുകയ്യിൽ തൂങ്ങിക്കിടന്നിട്ടേവമിരുവരും
ചൊല്ലീടുമൂയലാട്ടൂ
ക്ഷീണിതനെങ്കിലുമെല്ലാം മറന്നിട്ടക്ഷണേ
ചൊന്നപോൽ ചെയ്തിട്ടേവം
മുങ്ങീടുമെന്നുടെ പിൻപേകൂടി ചൊന്നീടും-
ചാച്ചാ കഥകൾ ചൊല്ലൂ-
വീരവിദ്വാർതൻ കഥകൂടി കേട്ടാലെയിക്കൂട്ട-
രെന്നെ പറഞ്ഞയക്കൂ.

ചുണ്ടൻമാവിന്റെ ചോട്ടിലായുള്ളാപറവകൾ
കൂടിന്നരികിലെത്തി
ചുണ്ടുകൾ തങ്ങളിൽ കൂട്ടിപ്പിടിച്ചുകൊണ്ടവിടെയും
വേലത്തരങ്ങൾകാട്ടും
പേടിച്ചരണ്ട പറവകൾ കൂട്ടിലെ
കലപിലകേട്ടങ്ങോടിയെത്തി
ഓടിച്ചു വിട്ടീടും 'ഓടടാ'ശബ്ദത്താൽ
പിന്നവിടായിടും കൂട്ടയോട്ടം.

കാണുന്ന കല്ലുകൾ, ചുള്ളികളാകവെ അവിടവിടെ
കൂട്ടുകാർ കൂട്ടിവയ്ക്കും.
തരംപോലെകാണുന്ന തടികളിലാകവെ
തച്ചന്റെ വേലത്തരങ്ങൾ കാട്ടും
അൻപോടെയോതിനാനാരാടാ ചെയ്തത്, അപരന്റെ
പേരുകൾ തന്നെ ചൊല്ലും.
പൊളിപറഞ്ഞീടിൽ കണ്ണുകൾ പോയിടാമീശ്വരൻ
ശിക്ഷയും വേറെ കിട്ടും.

എത്രയും വിസ്മയമിക്കൂട്ടർ തൻമുഖമാശ്ചര്യ-
പൂർവ്വമമ്മചൊല്ലും
പുലർകാലമെത്തുമ്പോൾ പ്രാതൽകഴിപ്പാ-
നെന്തൊക്കെയേകണമുണ്ണികൾക്ക്,
എന്തിത്രമാത്രം കുറച്ചുകഴിപ്പൂ ഉണ്ണികൾക്കിത്ര
വിശപ്പേയുള്ളോ?
ഇങ്ങനെ ഓരോരോ കാര്യം ചൊന്നീടുമ്പോ-
ളറിയാതടഞ്ഞീടും കണ്ണുരണ്ടും.

■

malankaralibrary.com

77

## ഗ്രാമഭംഗി

സാം മുതുകുളം

# ഒരു യാത്ര

കാഴ്ചകളൊക്കയും
കാണണം കൂട്ടർക്കൊഴിവിൻ
പൊന്നോണക്കാലമൊന്നിൽ
ഓണം കഴിഞ്ഞുള്ളരാത്രി മദ്ധ്യേ
ആമോദമായിട്ടാ യാത്രയായി.

കുന്നും മലകളും താഴ്വരയും
തെയില തോട്ടങ്ങളുമേലക്കാടും
മാമലമേടും മരക്കൂട്ടവും
മഞ്ഞിൻകണങ്ങളും കാടുകളും.
ഉല്ലാസമോടെയാ യാത്രയായി
തേക്കടി തന്നിലെ ബോട്ടുതന്നിൽ.

തണുപ്പുള്ളാരാത്രിയിൽ വിശ്രമിച്ചു
മഞ്ഞിലുറങ്ങും കൊടൈക്കനാലിൽ
മൂടിപ്പുതച്ചു കിടന്നുറങ്ങി
ചൂടൂറും ചായയാൽ പ്രാതലായി.

ആനന്ദമോടയങ്ങോടിയെത്തി
പൈൻമരക്കൂട്ട ഛായതന്നിൽ
ആർപ്പോ,വിളികളുന്മാദമോടെ
ആർത്തുവിളിക്കുന്ന കുട്ടമായി.

തീരത്തടാക സവാരികളും
സൈക്കിളിന്മേലുള്ള യാത്രകളും
ഒന്നായിരുന്നുള്ളോരന്ത്യാക്ഷരി
ഉണ്ണികൾക്കുത്സവ മേളങ്ങളായ്.

തിരികെയുള്ളാ യാത്രയാരംഭമായ്
നാലഞ്ചുകാതങ്ങൾ സഞ്ചരിച്ചു

malankaralibrary.com

78

# ഗ്രാമഭംഗി

**സാം മുതുകുളം**

പെട്ടെന്നാ വാഹന താളംതെറ്റി
പൊയ്പ്പോയാവാഹന നിയന്ത്രണവും
ആർപ്പിടീൽ കൂട്ടനിലവിളിയായ്
കാനനമദ്ധ്യേ പാഴ്സ്വരമായ്.

ഇറക്കത്തിനൊപ്പം കൊടും വളവും
ആകാശത്തായിരം താരംപോലെ
താഴ്വാരം തന്നിൽ മരക്കൂട്ടങ്ങൾ
നോട്ടംതെറ്റാതെയിടിച്ചു നിർത്തി
വശംതന്നിലുള്ളതാം പാറയൊന്നിൽ.

കൂട്ടക്കരച്ചിലൊഴിഞ്ഞുപോയി
കൂട്ടനിശ്വാസ സ്വരമുയർന്നു
എത്രയും വിസ്മയം താതന്റെ കാരുണ്യം
മേവരുമുച്ചത്തിലാശ്വസിച്ചു.

malankaralibrary.com

# അയൽക്കാർ

നീരൊഴുക്കേറ്റുവാൻ നീരാടുവാൻ
നിരയൊക്കും നെല്ല് വിരിച്ചീടുവാൻ

തോളോടുതോളായി വെട്ടിയിട്ടാ-
തോടൊന്നിൻ തിട്ടയിടിച്ചിറക്കി.

അതിർത്തികൾ കാക്കുവാൻ നട്ടുവച്ചാ-
അതിർത്തിയിൻ കല്ലുകൾ നീക്കിവച്ചു.

അയലത്ത് നട്ടുപിടിച്ചു വന്നാ-
മാവിൻതൈയൊന്നിന്റെ മണ്ടനുള്ളി.

തിളച്ചൊരാ വെള്ളത്തിൽ മുക്കിക്കൊല്ലാൻ
തൈത്തെങ്ങിൻ മണ്ടയിലൊഴിച്ചു നോക്കി.

കൃഷിതൻ പരിരക്ഷ പേരുചൊല്ലി
പാഷാണം കോഴിയ്ക്കൊരുക്കിവച്ചു.

കാലാന്തരത്തിൽ മറഞ്ഞിടാൻ അയലത്തെ
മാവിന്റെ കൊമ്പൊന്നു വേണ്ടിവന്നു.

■

malankaralibrary.com

## ൪൦
## ഗ്രാമഭംഗി
### സാം മുതുകുളം

# കാമധേനു

ആറേഴു ലിറ്റർ കറന്നീടുവാൻ
അഴകേറും പയ്യിനെ കണ്ടുവച്ചു
തൊഴുത്തോ മേഞ്ഞിട്ടൊരുക്കിവച്ചാ-
പുള്ളിപ്പശുവിനെ കെട്ടീടുവാൻ.

കയ്യിലെ കാശെല്ലാം ചേർത്തുനോക്കി
വസ്തുപണ്ടങ്ങൾ പണയമാക്കി
കയറു പിടിച്ചോരിത്താക്കിനുമേകി
സന്തോഷസമ്മാനക്കെട്ടൊരെണ്ണം.

ഓക്കയും, കച്ചിയും, പുൽകളുമേകിയാ-
പയ്യിൻ പണ്ടങ്ങൾ വീർത്തുനിർത്തി
പുലരി തെളിഞ്ഞാനേരത്ത് ചെന്നാ-
കാലിയെ കറക്കുവാൻ കച്ചകെട്ടി.

എണ്ണ പുരട്ടി പിഴിഞ്ഞുനോക്കി
ഞെക്കിപ്പിടിച്ച് കറന്നുനോക്കി
നന്നായളന്നിട്ടും നീട്ടിയളന്നിട്ടും
പാലിന്റളവോ നാഴിമാത്രം.

■

malankaralibrary.com

# കാലവിശേഷം

*അന്ന്*

"അടിയന്റെക്ടാത്തിയൊരു ക്ടാവിട്ടയ്യാ"
ചൊല്ലിയാ പണിചെയ്യും അടിയാളന്മാർ
എല്ലുമുറിഞ്ഞേറെ പണിചെയ്താലും
ഇല്ലവർക്കൊട്ടുബുദ്ധിമുട്ടും.
ഒരുചാൺവയറിന്റെ കാര്യമോർത്താ-
ഭൂപണിസർവ്വതും ചെയ്തുതീർക്കും
കൈനീട്ടി വായ്പൊത്തി നിന്നിട്ടേവം
നാളത്തേക്കാര്യങ്ങൾ കേട്ടേൻപോകും
പതാംകൊണ്ടുതീർത്തീടും കൂലിയെല്ലാം
പതംപറയാനൊട്ടിടവുമില്ല.

*പിന്നീട്*

ഘടികാരമൊന്നിന്റെ കാര്യംചൊല്ലി
ചെയ്തിടും പണിയാളർ തൻതരംപോൽ
പതംവേണ്ട കൂലിയായ് കാശുമതി
കച്ചിയെടുക്കാൻ വേറാളുനോക്ക്
കറ്റചുമക്കുന്ന കാര്യമില്ല-
കൈവണ്ടിമേലാക്കി നീക്കിടേണം
കറ്റമേൽകറ്റവളർന്നീടിലും
കൂട്ടരാകറ്റ മെതിക്കയില്ല.

*ഇന്ന്*

പല്ലുമുറിയേറെ നൽകീടിലും
മുറ്റത്ത്ചെന്ന് തൊഴുതീടിലും
"നാളെ വന്നീടിൽ ഞാനന്നുചൊല്ലാം
എന്നെക്കൊണ്ടെപ്പോൾ കഴിയുമെന്ന്"
കൈപിടിച്ചീടിലും കാൽപിടിച്ചീടിലും

malankaralibrary.com

൮൨

## ഗ്രാമഭംഗി

**സാം മുതുകുളം**

ഇല്ല തൈതെങ്ങേറാനാരുമില്ല
ജോലിചെയ്തീടിലും വേലചെയ്തീടിലും
വിയർപ്പാകും ദേഹത്ത് മണ്ണുപറ്റും
കയ്യ്നിറഞ്ഞീടും മെയ്പെരുത്തീടും
മുഷ്ടി ചുരുട്ടുവാൻ യാത്രയായാൽ.

malankaralibrary.com

# പിറവി

ഐശ്വര്യ നിറവേറും ഭൂമിയിങ്കൽ
ഐശ്വര്യ തികവേറി വന്നുചേരാൻ
മൂന്നാഴ്ചയോളം കാത്തിരുന്നീ
ഭൂലോകാത്ഭുത കാഴ്ച കാൺമാൻ.

ചുണ്ടുകൊണ്ടൊന്ന് കൊത്തിയിട്ട്
ഉള്ളിലെ ശ്വാസം വലിച്ചെടുത്തു
വട്ടം കറങ്ങിയെടുത്തു ചാടി
മുട്ടയിൻ തോടോ പൊട്ടിവീണു.

കാക്കയും കള്ളനും റാഞ്ചിമാറ്റാ-
തെത്രയും ഭംഗിയായ് നോക്കിയമ്മ
പപ്പും ചിറകും വളർത്തിയാക്കി
ജീവനുരക്ഷണം നോക്കി നോക്കി.

കൊത്തിയോടിച്ചിട്ടാ കള്ളന്മാരെ
കൊക്കി വിളിച്ചു കൊത്തിത്തന്നു
ചിക്കിച്ചികഞ്ഞു പഠിപ്പിച്ചിട്ടാ-
ചിറകുകൾ കീഴേ മാടിയാക്കി.

ഈ ഭൂമിതന്നിൽ പിറക്കുവാനും
ഭൂമിതൻ മദ്ധ്യേ വളരുവാനും
കാരണഭൂതരാം സൃഷ്ടാക്കളെ
കൂപ്പുകയ്യോടെ നാം ഓർക്കവേണം.

malankaralibrary.com

# രാജാതിരുടൻ

അന്തിമയങ്ങിയ നേരത്ത്
മുന്തിയ കോളിൽ പണിയൊക്കാൻ
നിറകുടമൊന്നിൻ കണിയാക്കി
കള്ളൻ പപ്പൻ പണിനോക്കി.

പുത്തൻ പവിഴക്കൊട്ടാരം
വെള്ളിനിലാവിൽ മിന്നുന്നു
തക്കം കിട്ടിയ നേരത്തോ-
പപ്പൻ കേറി മുറിയൊന്നിൽ.

പൂട്ടിയ പെട്ടി തുറന്നീടാൻ
താക്കോലൊന്നാൽ പണിപറ്റി
കിട്ടിയപണ്ടോം പണമെല്ലാം
വാരിനിറച്ചു മാറാപ്പിൽ.

കയ്യിൽ കിട്ടിയ പണ്ടങ്ങൾ
കടയിൽ പപ്പൻ നോക്കിച്ചു
“മുക്കിയ പണ്ടം” ചൊന്നിട്ടാ
തിരുടൻ തട്ടാൻ പറ്റിച്ചു.

■

malankaralibrary.com

സാം മുതുകുളം

# ബംബർ സ്വപ്നം

കിട്ടിയ പത്രത്തിലൊന്നു നോക്കി
കണ്ണുതിരുമ്മി മിഴിച്ചു നോക്കി

അക്കങ്ങൾ മേലെ തുറിച്ചു നോക്കി
അടിച്ചു ബംബറാം കോടിയൊന്ന്

സത്കാരമായി സത്ക്കർമ്മമായി
മുന്തിയ കാറൊന്ന് വീട്ടിലായി

വമ്പനാം കരിവീരൻ ഹാജരായി
വമ്പൊന്നു കാട്ടാൻ തിടുക്കമായി

ആനപ്പുറത്തൊന്നിരുന്നു നോക്കി
അരിശത്തിലാന കരമുയർത്തി

കാലിൽ പിടിച്ചു കൊലവിളിച്ചു
വാരിപ്പിടിച്ചു നിലത്തടിച്ചു

മാത്രയിലെല്ലാം കഴിഞ്ഞതോർത്ത്
മാറത്തടിച്ചു നിലവിളിച്ചു

തറയിലാ മൺകുടം വീണുടഞ്ഞു
മാത്രയിലെല്ലാം പോയ് മറഞ്ഞു.

# മുകിലിനോട്

പഞ്ഞിക്കെട്ടിൻ കൂട്ടമായി-
ട്ടാകാശാതിർത്തിയിൽ രൂപങ്ങളായ്
ആടായ് മേടായ് വൻമലയായ്
ചേലെഴും താഴ്‌വര കുന്നുകളായ്
വൻജല ബാഷ്പമാം കാർമുകിലായ്
ഝടുതിയിൽ പെയ്തിടും വൻമഴയായ്
ഛടപട മുഖരിതാഘോഷങ്ങളോടെ-
ങ്ങോട്ട് പോകുന്നെൻ പൊൻ മുകിലേ?

■

malankaralibrary.com

സാം മുതുകുളം

# ഒരു ഓണക്കാലം

കർക്കിടകത്തിൻ കാറൊഴിഞ്ഞു
ചിങ്ങത്തിൻ പുഞ്ചിരി വന്നണഞ്ഞു
കള്ള,കർക്കിടത്തിൻ കാറൊഴിഞ്ഞു
പൊന്നിൻ, ചിങ്ങമാസത്തിൻ മനം തെളിഞ്ഞു
കുട്ടികൾ കൂട്ടമായ് പുഞ്ചിരിച്ചു
പൂക്കളോ പുഞ്ചിരിപ്പാൽപൊഴിച്ചു
എന്റെ കുട്ടികൾ കൂട്ടമായ് പുഞ്ചിരിച്ചു
നല്ല, പൂക്കളോ പുഞ്ചിരിത്തേൻ പൊഴിച്ചു
കൗമാരക്കുട്ടന്മാർ കൗതുകരായ്
കാഞ്ചന സ്വപ്നത്തിൻ തേരിലേറി
യൗവ്വനം യവനിക ഞൊറിഞ്ഞുടുത്തു
വൈവാഹസ്വപ്നത്തിൻ വാനിടത്തിൽ
ശിഷ്ടരാം സഹജരർ ശുദ്ധാത്മാക്കൾ
ഓർമ്മതൻ മാധുര്യതേൻ മൊഴിഞ്ഞു
** ** ** ** **

കുട്ടികൾ കൂട്ടമായ് വന്നണഞ്ഞു
എൻ മണിക്കുട്ടനും ഓണമായി
അമ്മതൻ ഒക്കത്തിരുന്ന കുട്ടൻ
കൂട്ടരോടൊപ്പം കൈ കൊട്ടിയാർത്തു
പൂക്കളിറുക്കണ്ടേ! പൂക്കളം തീർക്കണ്ടേ?
കുട്ടനോടമ്മ ചോദിച്ചിട്ട്-
ഒട്ടു കഴിഞ്ഞില്ല കുട്ടനാക്കൂട്ടരോ-
ടൊത്തുപോയ് പൂക്കളിറുക്കുവാനായ്.
** ** ** ** **

പൂന്തൊട്ടിലൊരുക്കണം, പൂമെത്തതീർക്കണം
ഉണ്ണിതൻ വരവിന്ന് മുന്നോടിയായ്
(എന്നുണ്ണിതൻ....)
സദ്യയൊരുക്കണം ചൊല്ലണം തേൻകഥ

malankaralibrary.com

87

## ഗ്രാമഭംഗി

**സാം മുതുകുളം**

തഞ്ചത്തിനില്ലാ നേരമൊട്ടും
(ഇനി തഞ്ചത്തിനില്ലാ...)

** ** ** ** ** ** **

പൂവാടിതന്നിലെ പൂക്കളിറുത്തിട്ട്
ആറ്റുവക്കത്തെ തൊടിയിലെത്തി
(അവർ ആറ്റുവക്കത്തെ...)
ആമ്പാടി മുറ്റത്തെ പൈക്കളെ പോലവർ
ആനന്ദലഹരിയിലാറാടവെ
(അവർ ആനന്ദ...)
ആറ്റുനോറ്റുണ്ടായോരുണ്ണിയെ വിട്ടവർ
ആമോദ ലഹരിയിലായീടവേ
(അവർ ആമോദ...)
ആറ്റുവക്കത്തുള്ളോരാമ്പൽ പൂവിൻഭംഗി
ആസ്വദിച്ചെന്നുണ്ണി നീങ്ങീടവെ
ആരുണ്ടീ ലോകത്തിലെന്നുണ്ണിക്കപ്പോൾ
ആയുസ്സും ആരോഗ്യോം കാത്തീടുവാൻ
പുഞ്ചിരി പൊഴിച്ചോരെൻ മണിക്കുട്ടൻ
ആഴിമടിത്തട്ടിലാഴ്ന്നു പോയി.!!
ആശകളെല്ലാം നശിച്ചോരാ പൊന്നമ്മ
ആമ്പാടിക്കണ്ണന്റെ പേർവിളിച്ച്
ഇന്നും പൊഴിയ്ക്കുന്നൊരായിരമശ്രുക്കൾ
പൊൻ മണിക്കുട്ടന്റെ പേരുചൊല്ലി.
അമ്മിഞ്ഞപ്പാലിൻ നറുമണവും
ആരോമലുണ്ണി-തെളിമുഖവും
അമ്പോറ്റിക്കുട്ടന്റെ ആർപ്പിടീലും
ഇല്ലാത്തൊരോണക്കാലമിന്നും
ചിന്തിക്കാൻ ഹൃത്തുള്ളോർക്കായിടുമോ?
ഹന്ത! ചിന്തിക്കാൻ ഹൃത്തുള്ളോർക്കായിടുമോ?

malankaralibrary.com

# മൊബൈൽ

കൂ...കൂ...സ്വരത്തിൽ കുറുകി ചേലിൽ
കൂട്ടിലായൊന്നങ്ങിരിപ്പൂ

കൂട്ടർക്കങ്ങാമോദമേകി എങ്ങും
കാതിന്നരികെയിരിപ്പൂ

കാമുകർ നിന്നെപുണർന്നു കാമ
കേളികൾ നിൻ മുന്നിലാടി

കള്ളനെന്നെത്രമേൽ കേട്ടു നീ
കള്ളങ്ങളെത്രമേൽ കണ്ടു

കാട്ടാളനേപ്പോൽ കുലച്ചു
കൂരമ്പുകളെത്രയോ നെഞ്ചിൽ

കുടുംബങ്ങളെത്ര തകർന്നു നിൻ
കരാളഹസ്തങ്ങളാലെ

കുബുദ്ധികളോരോന്നു കാട്ടും നീ
കുറ്റങ്ങൾക്കെത്രയോ സാക്ഷി.

■

malankaralibrary.com

# കിട്ടുവിന്റെ കിനാവ്

അപ്പുണ്ണി ആശാന്റെ മൂത്തമകൻ
വൻപയറൊന്നു കുഴിച്ചു വച്ചു

കിളിർത്ത പയർമണി ഉയർന്നുയർന്ന്
ഉയർച്ചയായ് മേൽപോട്ട് പിന്നയത്രേം

ആകാശാതിരുകൾ താണ്ടിയങ്ങ്
ആകാശക്കൊട്ടാര വാതിലെത്തി

വൻപയർ കൊമ്പിന്റെ വള്ളിയേറി
'കിട്ടു'വാ കൊട്ടാര മുറ്റമെത്തി

നീണ്ടകാലാകാശ വാസശേഷം
ഭൂമിയിൽ തന്നെ തിരികെയെത്തി

സോദരൻ കുഞ്ഞുണ്ണിക്കോതിയേവം
വൻപെഴുമായിരം പൊൻ കഥകൾ

ഇരുവരും ഒരുനാളാ വള്ളിയേറി
മേൽപ്പോട്ടു യാത്രയായ് ആശയോടെ

ഐരാവതത്തിൻ വലിപ്പമോതി
കിട്ടുതൻ കൈകൾ വിരിച്ചു കാട്ടി

കട്ടിലിൻ മേലേന്ന് വീണകിട്ടു
കൈ കാലിട്ടങ്ങടിച്ചു കേണു.

■

malankaralibrary.com

൧൦

## ഗ്രാമഭംഗി

സാം മുതുകുളം

## മാവ്

ഫലമായ് മാറിയ മാമ്പഴം തിന്നിട്ടാ-
മാങ്ങാണ്ടി ഭൂവിൽ വലിച്ചെറിഞ്ഞു

പ്രകൃതിലാളന മേറ്റതിന്മേൽ-
മുകുളങ്ങളിലകളായ് കൊമ്പുകളായ്

തരളിത സൗന്ദര്യ ലതകൾ പടർന്നതിൽ
പക്ഷി മൃഗാദികൾ കൂടണഞ്ഞു

ശാഖകളാകവെ പുഷ്പങ്ങളായ്
ഫലമൂലാദികളേറെയായി

വൻ വൃക്ഷമായങ്ങാഛായയേകി
തൻ നന്ദി ഭൂവിൽ പകർന്നു നൽകി

നന്ദിയില്ലാത്ത മനുഷ്യജന്മം
മൂർച്ച കോടാലിയുമീർച്ചവാളാൽ
തായ് വേരുതന്നെയറത്തു വീഴ്ത്തി.

## ഈയലുകൾ

കാർമുകിലുയർന്നാർത്തു വന്നു
ദിക്കിൻ സ്വരങ്ങളായ് ഗർജ്ജനങ്ങൾ

പുത്തൻ ചിറകേറി ഉയർന്നു പൊങ്ങി
നൽച്ചിറകടിയുമായ് ഈയലുകൾ

തെളിഞ്ഞൊരാദീപ പ്രകാശനത്തിൽ
അത്ത്യാർത്തി പൂണ്ടയാ ഷഡ്പദങ്ങൾ

ആഞ്ഞാഞ്ഞു വീശിയടിച്ചു വീണു
വൻമഴ നീർക്കുമിള പോലെ.

malankaralibrary.com

91

## ഗ്രാമഭംഗി

സാം മുതുകുളം

### വെള്ളപ്പൊക്കം

പെരുമ്പറ മുഴങ്ങി പെരുമഴ തുടങ്ങി
പെരിയാറുപോങ്ങി പുരയാകെ മുങ്ങി
പെരുവയറു പേറി മരമുകളിലേറി
മരമൊടിഞ്ഞയ്യോ മരമണ്ടൻ മുങ്ങി.

### വന്മഴ വരുന്നേ...

അങ്ങേമലയിൽ പെയ്തു തുടങ്ങിയ
വന്മഴയൊന്നിനിരമ്പൽ കേട്ട-
മ്പരപ്പോടെയാ കുട്ടികളോടിയ-
ങ്ങയലത്തെ വീടിന്റിറയത്തുനിന്നു.

### അന്നും ഇന്നും

പനയോല തെങ്ങോല കൂരയിങ്കൽ
പാമരൻ സ്വസ്ഥനായ് പാർത്തു പണ്ട്
വാർത്തൊരാ കെട്ടിട കൂടിനുള്ളിൽ
ഔഷധ കൂട്ടമായ് കേഴുന്നിന്ന്.

### ഇന്റർനെറ്റ്

വിരലൊന്ന് തൊട്ട് തലോടിടുമ്പോൾ
വിരൽതുമ്പിലെത്തുന്നു ലോകമെല്ലാം
വിസ്മയ വിവര ഘോഷയാത്ര
വിചിത്രമീ ലോകത്തിൻ മായാജാലം.

### കരിനിഴൽ

കരിയൊന്നു വിരണ്ടു കരിയാൽ വിരണ്ടു
കരയാകെയോടി നരരാകെയോടി
കരമിളക്കിയോടിയാ കരിവീരന്നരികെ
പിരിയാതെ നിന്നു നിഴലെന്നകാര്യം.

malankaralibrary.com

## കൊതുക്

വെള്ളക്കെട്ടിൽ വിരിഞ്ഞീടും
വിരുതൻ കൊതുകിൻ കൂട്ടങ്ങൾ

മൂളിപ്പാഞ്ഞു വരുന്നയ്യോ
വട്ടംചുറ്റി കുത്തീടാൻ

മൂക്കിൻ തുമ്പത്തുണ്ടയ്യോ
മുന്തിയ രോഗക്കൂട്ടങ്ങൾ

വേലയതൊട്ടു പഠിച്ചില്ലേൽ
വിരുതൻ തട്ടും കട്ടായം.

## ഈശ്വര സ്നേഹം

സകലാംഗ മേതിനും യോഗ്യമല്ല
വികലാംഗ മെന്തിനു മയോഗ്യമല്ല

ഏവരും ഗുണങ്ങളാലേറുന്നതും
ഏറിയ ഗുണമേറെ മാറ്റുന്നതും

ആത്മവിശ്വാസ മതേകുന്നതും
ആത്മാവിൽ ശാന്തിയങ്ങേറ്റുന്നതും

ഈ യുഗ മദ്ധ്യേതിളങ്ങുന്നതും
ഈശ്വരൻ കരുണയാൽ മാത്രമല്ലോ.

malankaralibrary.com

൭൩
ഗ്രാമഭംഗി
സാം മുതുകുളം

# നന്മയുടെ വഴികൾ

മകനേ ഉണരുക രാവിലെ രാവിന്റെ
ആലസ്യമില്ലാതുണർന്നെണീറ്റിടുക
ഉയരത്തിലുച്ചത്തിലാകുവാൻ പൈതലേ
ഉണരുക രാവിൻ പുതപ്പുനീക്കീടുക.

പുതിയൊരു ജീവിതപാത തെളിക്കുക
ഉണർവ്വിന്റെ ജീവിതവീഥി തെളിക്കുക
ഉൺമയായുള്ളവയ്ക്കാകുവാൻ ഉള്ളോം
ഉള്ളിന്റെയുള്ളോം തുറന്നു വച്ചീടുക.

മുൻപേനടന്നവർ ചൊന്നിടും നന്മകൾ
പിൻപേനടന്നു നീ കേൾക്കവേണം
ഒപ്പം നടന്നു പഠിച്ചിടേണം
ഒരുമയോടെന്തും പകുത്തിടേണം.

കണ്ണും കാതും തുറന്നു വയ്ക്കൂ നീ
കാര്യം ഗ്രഹിക്കാനറിഞ്ഞിരിക്കൂ
നേരിന്റെ പാഠം പഠിച്ചുകൊണ്ട്
നേരായ് നടക്കാനറിഞ്ഞിരിക്കൂ.

കാഴ്ചകൾ കണ്ടു നടക്കവേണം
വീഴ്ചകൾ കണ്ടു പഠിക്കവേണം
താഴ്ചയിൽ വീണസഹജരെയുൾ-
ക്കാഴ്ചയാലുദ്ധരിച്ചീടവേണം.

നന്മയാലുള്ളം നിറച്ചിടേണം
നന്മനിറഞ്ഞു വസിച്ചിടേണം
അർത്ഥം ഗ്രഹിച്ചു പഠിച്ചിടേണം
അനർത്ഥങ്ങളൊന്നായ് വെടിഞ്ഞിടേണം.

ദീപം തെളിച്ചു വഴിതെളിക്കൂ
ദീന വിലാപമറിഞ്ഞു നീങ്ങൂ
പിൻപേ ഗമിച്ചു വരുന്നവർക്ക്
നന്മതൻ പാഠം പകർന്നു നൽകൂ.

■

malankaralibrary.com

# മരമുകളിൽ

കുംഭപൂയമിങ്ങെത്തുന്ന മുൻപായി
ട്ടുത്സവമാഘോഷ കാലമൊരുങ്ങാൻ
കാശിന്റെ കാര്യം കരുതുന്നൊരാശയാൽ
കശുമാവിൻ മരച്ചോട്ടിലായ് ചെന്നു.

ഒരുകൊച്ചു പൂമരം പോലത് നിൽക്കുന്നു
ചാഞ്ഞുചരിഞ്ഞു വിരിഞ്ഞു നിൽക്കുന്നു
കൊമ്പിലങ്ങേറെ ഫലങ്ങളും പേറിയ
പൂർവ്വികർ പുണ്യമറിഞ്ഞു നിൽക്കുന്നു.

മരമുകൾ കയറാനറിയാത്ത ഞാനൊരു
കമ്പിലായ് കൊമ്പൊന്നു വച്ചുകെട്ടി
കീഴേനിന്നു പറിക്കുവാനാഞ്ഞ ഞാൻ
കാൽതെറ്റി വീണാ കുഴിക്കുളത്തിൽ.

നനഞ്ഞുലഞ്ഞു വന്നുകേറിയാ കൂരയി-
ലുണ്ടായിരുന്നെന്റെ സോദരി ചൊന്നന്ന്
'വേണ്ടാത്ത കാര്യങ്ങളെന്തിനു കാട്ടുന്നു
വേണ്ടുന്ന കാര്യങ്ങൾ ചെയ്തുകൂടെ?'

വീണ്ടുമാ വൃക്ഷച്ചുവട്ടിലായ് ചെന്നുഞാൻ
കണ്ടൂഞാനാമര മണ്ടയിൽ സോദരൻ
ചെറുതൊരു കമ്പും കയ്യിലെടുത്തു-
കൊണ്ടാമരക്കൊമ്പിലേക്കെന്നെ ക്ഷണിക്കുന്നു.

'കാലൊന്നു വച്ചുപിടിച്ചു കേറൂ,
വൃക്ഷേമുറുക്കേ പിടിച്ചു കേറൂ'
പിന്നവനോരോ ശിഖരത്തിനും
ഓരോരോ പേരും വിളിച്ചു ചൊല്ലി.

ആമരമേറി ഫലമെടുക്കാൻ
വാശിയിലെൻ കാലുവച്ചു നോക്കി

malankaralibrary.com

95

## ഗ്രാമഭംഗി

**സാം മുതുകുളം**

പയ്യെപ്പിടിച്ചു വലിഞ്ഞുകേറി ഞാൻ
പറ്റുമുയർച്ചയിൽ കേറിപൊക്കം.

പരിശ്രമമേറെക്കഴിച്ചു ഞാൻ വിശ്രമ-
മില്ലാതെയാപ്പണി ചെയ്തതിൻ മേൽ
മരമേറി മണ്ടയിൽ പറ്റിപ്പിടിച്ചുയെൻ
മനസ്സിന്നുറപ്പെ നമിച്ചിടുന്നു.

അന്നതിൻ ശേഷമുള്ളോരോരോ കാലവും
കയറിഞാനാമര മണ്ടയിൻമേൽ
കമ്പെറിഞ്ഞുകൈ കളയുന്ന വേലയും
കമ്പിനാലെത്തിപ്പറിപ്പതും നിർത്തിഞാൻ.

ഇന്നാമരത്തിൻ തണലിലിരുന്നെന്റെ
പൈതങ്ങളാർത്തിയാൽ മേല്പോട്ട് നോക്കവെ
പണ്ട്ഞാൻ നിന്നൊരാ കാലത്തെയോർമ്മ-
കളോർത്തുപോയ് ദീർഘനിശ്വാസമോടെ.

■

*കുംഭപൂയം= പാണ്ഡവർകാവ് ദേവീക്ഷേത്രത്തിലെ കൊടിയേറ്റ് ദിനം

malankaralibrary.com

# തേൻകുരുവികൾ

ചെഞ്ചോര വർണ്ണപൂക്കൾ നിറഞ്ഞുള്ള
ചെമ്പരം ചെറുകാറ്റിലാടിനിൽക്കേ
പഞ്ചാരകൊഞ്ചലാൽ തുഞ്ചത്തെ പൂവൊന്നിൽ
പൈങ്കിളി തേൻകിളി പറന്നിറങ്ങി.

ചുണ്ടുനീണ്ടുരുണ്ട പൈങ്കിളി ചെറുകിളി
ഇരുണ്ടവർണ്ണക്കിളി തേൻകുരുവി
ചേലുള്ള തൂവൽചിറക് വീശി
ചേലോലും പൂക്കൾ മധുനുകർന്നു.

തേനൂറും ചെറുമൊഴി കളമൊഴികൾ
തേനോലും വീചിയുതിർത്തുചെമ്മേ
തളിരിള പൂക്കളിൽ മാറിമാറി
തൻചുണ്ടുനീട്ടി മധുനുകർന്നു.

ചുറ്റിപ്പറന്നു മധുമുകർന്നാ
ചെറുകിളി മധുര മൊഴിയുതിർക്കേ
ചെഞ്ചിറ കടിച്ചു ചിലച്ചു കൊണ്ടോ-
രിണക്കിളി ചെമ്പരകൊമ്പിലെത്തി.

മധുരം നുകർന്നോരിണക്കിളികൾ
മനതാരിലാമോദമാർന്നു നിൽക്കേ
ഇണയൊരു കൊമ്പിലിരുന്നു ചൊല്ലി
'ഇഷ്ടമോടേ നൽ കൂടൊരുക്കാം.'

തൂവൽ തളിരില തുന്നിയാക്കി
ഇലഇഴ കീറിലിണക്കിയാക്കി
ഇത്തിരിഞ്ഞാത്തിലിളകിയാടും
ഇളംകാറ്റിലാടുന്ന കൂടൊരുക്കി.

ലതകളിന്നുള്ളിലാ കൂട്ടിൽ നിന്നും
ലാളനമേളസ്വരമുയർന്നു

malankaralibrary.com

97

## ഗ്രാമഭംഗി

**സാം മുതുകുളം**

ലളിതമാം തരളിത പുളകിതങ്ങൾ
ലാളന കൊഞ്ചലുയർന്നു കേൾപ്പൂ.

കുരുന്നുകൾ കൊഞ്ചലോ കാമനങ്ങൾ
കാമ്യമാം കാനനകുളിർമ്മയേകി
സ്വച്ഛതയാർന്നു വളർന്നു വന്നീടിനാൻ
സ്വസ്ഥമീലോകത്തെ പുൽകീടുവാൻ.

■

malankaralibrary.com

# കടപ്പുറത്തേക്ക്

ഒഴിവ് ദിനത്തിന്നാഘോഷമായി-
ട്ടന്നാ കടലിൻ തീരത്തുപോകുവാൻ
പ്രാതൽ കഴിച്ചുടൻ നേരത്ത് കുട്ടിക-
ളൊന്നായ് പറഞ്ഞത് കേട്ടിരുന്നു.

കുട്ടികൾക്കാമോദമാകുവാൻ യാത്രയായ്
ആദിക്കുനോക്കിയാ യാത്രയായി
ഒന്നായ് ചേർന്നങ്ങെത്തീ കടവിലാ-
വെട്ടത്തുനാടിൻ കായൽക്കടവിൽ.

ചെറുതൊരു തോണിയിന്നുള്ളിലീക്കൂട്ടർ-
ക്കിരിപ്പാൻ തടിപ്പടി ചൂണ്ടിക്കാട്ടി-
തുഴക്കാരൻ വാസു കയറഴിച്ച്
കഴയങ്ങെടുത്തു തുഴഞ്ഞകലാൻ.

മെല്ലെയാവള്ളത്തെയൊന്ന് തള്ളി
വാസുവാ യാത്ര തുടങ്ങിവച്ചു
കൂടെയൊരുകൂട്ടം യാത്രികരും
കൂടിയിരുന്നാ കായൽ കടപ്പാൻ.

കായലോളങ്ങളിൽ താളമിട്ട്
കായൽപ്പരപ്പിൽ കണ്ണെറിഞ്ഞ്
കുളിർമ്മയിന്നോർമ്മയുണർത്തിമെല്ലെ
കുഞ്ഞോളങ്ങളിൽ യാത്രയായി.

ദൂരയായർക്കനുയർന്നിടുന്നു
ദൂരയാ ദിക്കിലുയർന്നിടുന്നു
കത്തിജ്വലിക്കുന്ന പൊൻതിളക്കം
ഉച്ചിയിലെത്താനുയർന്നിടുന്നു.

മുളക്കഴയാഴത്തിൽ കുത്തിനീക്കി
പിന്നോട്ടാഞ്ഞു തുഴഞ്ഞുനീക്കി

malankaralibrary.com

൧൭

## ഗ്രാമഭംഗി

**സാം മുതുകുളം**

വഞ്ചിയാ പശ്ചിമദിക്കുനോക്കി
വൻപുഴതാണ്ടിക്കടന്നിടുന്നു.

ദൂരെക്കരയുന്നിരണ്ടക്കിളി
കൊറ്റി,പരുന്ത്,പറവകളും
കൂവി വിളിക്കുന്നു കുട്ടികളാ
ദൂരേയ്ക്കകലുന്ന യാനം നോക്കി.

വള്ളമാ തീരക്കരയണഞ്ഞു
കരക്കിറങ്ങി വഴി കണ്ടുനീങ്ങി
കടപ്പുറം കാണാൻ നടന്നുനീങ്ങി
കുട്ടികളാശയാലോടി നീങ്ങി.

പൂഴിയിന്നുള്ളിൽ മറഞ്ഞ പാത
പാറയടുക്കിയ തീരഭൂവും
വൻതിര വന്നങ്ങടിച്ചുകേറി
വൻനാശമേറ്റ കടൽത്തീരവും.

തിരകളാതീരത്തിലാഞ്ഞടിച്ച്
വൻഭീതിയേറ്റുന്നലമാലകൾ
തീരക്കരയിലുയർന്നു നിൽക്കും
കേരമരത്തെയമ്മാനമാടി.

ഒരുദിനമിക്കടൽത്തിരകളല്ലോ
രാക്ഷസരൂപമെടുത്തുയർന്ന്
തീരക്കരയിലെ കൂരകളെ
ഒന്നായ് കടലിലെറിഞ്ഞുടച്ചു.

വൻതിര വന്നങ്ങലറി വീണു
വിറളി പിടിച്ച കരികൾ പോലെ
സുനാമിയിൻ പേരിലോ തച്ചുടച്ചു
എത്ര വിലയേറും ജീവിതങ്ങൾ.

തീരത്തണയും തിരക്കരത്തിൽ
തത്തിക്കളിച്ചാ കുരുന്നുകൂട്ടർ
കക്ക, കുഴിഞ്ഞണ്ടു, ശംഖുകളാൽ
തീരത്തിരുന്നു കളിച്ചുകൂട്ടർ

malankaralibrary.com

**100**

## ഗ്രാമഭംഗി

**സാം മുതുകുളം**

പട്ടംപറത്തുന്ന കൂട്ടരെത്തി
ഇഷ്ടരോടൊന്നായ് പറത്തി പട്ടം
ഒട്ടുനേരം ചിലവിട്ടശേഷം
കായൽക്കരയിൽ തിരികെയെത്തി.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com



വസന്തം കുടമാറ്റം നടത്തുന്ന മകര കുംഭ മീനമാസങ്ങളിലെ മാന്തോപ്പിൽ കടന്നുചെന്ന അനുഭൂതി. ഒപ്പം കണ്ണിമാങ്ങതൊട്ട് കനിമാങ്ങവരെയുള്ള രുചിഭേദങ്ങളുടെ ഒരാസ്വാദനം.
അതാണ് ഈ കൃതി പകർന്നുതരുന്നത്.
നിഷ്ക്കളങ്ക പ്രതിഭ, ഭാഷാപരമായ പരിമിതികളെ ആഢംബര രഹിതമായി, പലപ്പോഴും മുക്തഛന്ദസ്സായിത്തന്നെ ഗ്രാമാന്തരീക്ഷത്തിലെ ജീവിതാനുഭവങ്ങളെ ആവിഷ്കരിക്കുന്നു.
അതുകൊണ്ടുതന്നെ പ്രതിഭയുടെ കയ്യൊപ്പുപതിഞ്ഞ കവിതകളുടെ ഉടമയാണ് സാം മുതുകുളമെന്ന് നിസംശയം പറയാം.



# ഗ്രാമഭംഗി

## സാം മുതുകുളം

ഉണർവ്വ് പബ്ലിക്കേഷൻസ്

malankaralibrary.com